കേരള സാഹിത്യ അക്കാദമി




# വാർഷിക റിപ്പോർട്ട്

2022-23

# കേരള സാഹിത്യ അക്കാദമി
## വാർഷിക റിപ്പോർട്ട്
## 2022–2023

# ആമുഖം

ഇന്ത്യൻ ജനാധിപത്യം മാരകമായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന, നാൾചെല്ലുന്തോറും ഇരുണ്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ പ്രാദേശികജനത എന്ന നിലയിൽ കേരളീയരുടെ സാമൂഹികപദവിയും ആത്മാഭിമാനവും ആവുന്നത്ര ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. പ്രത്യാശാപൂർണ്ണമായ ഈ ലക്ഷ്യവുമായി ഉചിതമായ കർമ്മപദ്ധതികൾ ആസൂത്രണംചെയ്ത് പ്രായോഗികമാക്കിവരികയാണ് കേരള സാഹിത്യ അക്കാദമി. ആശയസംവാദങ്ങളിലൂടെ സർഗ്ഗാത്മക മേഖലയെ ചലനാത്മകമാക്കുക, കലാസാഹിത്യവ്യവഹാരങ്ങളെ ആസ്വദിക്കുന്ന വിശാലമായ സഹൃദയലോകം സൃഷ്ടിക്കുക, പൗരജീവിതത്തെ പ്രബുദ്ധമാക്കി പ്രതികരണക്ഷമമാക്കുക തുടങ്ങിയവയെല്ലാമാണ് സാഹിത്യ അക്കാദമി ഏറ്റെടുക്കുന്ന ദൗത്യങ്ങൾ. സഹജീവിസ്നേഹവും സഹിഷ്ണുതയുടെ സംസ്കാരവും ലിംഗനീതിയും പരിസ്ഥിതിവിവേകവും ഊട്ടിയുറപ്പിക്കുക എന്ന ദൗത്യനിർവ്വഹണത്തിന്റെ പാതയിൽ ഒരുപാട് ദൂരം സഞ്ചരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതിൽ അക്കാദമി ഭരണസമിതിക്ക് അളവറ്റ അഭിമാനമുണ്ട്.

സ്വാതന്ത്ര്യസമരസേനാനികൾ യാഥാർത്ഥ്യമാക്കിയ നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ വിഭാവനമാണ് ഇന്ത്യയെ മുന്നോട്ടുനയിക്കുന്ന ഭരണഘടന ഉയർത്തിപ്പിടിക്കുന്നത്. എന്നാൽ, പൗരാവകാശങ്ങൾ ഒന്നൊന്നായി നിഷേധിക്കുകയും ഭരണഘടന ജനങ്ങൾക്ക് ഉറപ്പുതരുന്ന മൗലികതത്ത്വങ്ങൾ തച്ചുടക്കുകയുമാണ് പാർലമെന്റിനെ നോക്കുകുത്തിയാക്കിനിർത്തി വർഗ്ഗീയഫാസിസ്റ്റുകൾ. മതനിരപേക്ഷത, സംസ്കാരത്തിന്റെ ബഹുസ്വരത, ആവിഷ്കാരസ്വാതന്ത്ര്യം, മാധ്യമസ്വാതന്ത്ര്യം തുടങ്ങിയ സങ്കല്പങ്ങളെല്ലാം ഒളിഞ്ഞും തെളിഞ്ഞും കവർന്നെടുക്കപ്പെടുന്നു. സവർണ്ണപൗരോഹിത്യം അവസാനവിധി കല്പിക്കുന്ന ഹൈന്ദവരാഷ്ട്രം സ്ഥാപിക്കുകയെന്ന കാര്യപരിപാടിയുമായി മുന്നോട്ടുപോകുന്നവർ ഇന്ത്യൻ തെരുവുകളെ കലാപഭൂമിയാക്കുന്നു.

അന്യമതവിദ്വേഷത്തിന്റെയും അപരവത്കരണത്തിന്റെയും ആസുരതയെ അതിജീവിക്കാൻ മാനുഷികത ഉള്ളടക്കമാകുന്ന സാംസ്കാരികപ്രവർത്തനങ്ങളോട് ചേർന്നുനിൽക്കുകയെന്നതിന് കാലികപ്രസക്തിയുണ്ട്. കലകൾക്ക്, സവിശേഷമായും സാഹിത്യമാധ്യമത്തിന് ഇക്കാര്യത്തിൽ ഏറെ പങ്കുവഹിക്കാനാവും. എഴുത്തിന്റെയും പുസ്തകങ്ങളുടെയും വായനയുടെയും രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉത്തരവാദിത്തം വർദ്ധിക്കുകയാണ്. രുദിതാനുസാരിയായ ഏതൊരു കലയും അരികുവത്കരിക്കപ്പെ

ട്ടവർക്കും പീഡിതർക്കും ഒപ്പം നിൽക്കും. നീതി നിഷേധിക്കപ്പെടുന്നവർ വഴിയോരങ്ങളിൽ മുറിവേറ്റുവീഴുമ്പോൾ കൈത്താങ്ങായി മാറുന്ന സാംസ്കാരികപ്രവർത്തനം കാലം നമ്മോട് ആവശ്യപ്പെടുന്നു. ഹിംസയുടെ ലോകത്ത് അരുതേ എന്ന മുറവിളി സാഹിത്യകാരന്റെ ഉള്ളിൽനിന്നും ഉയരുന്നതാണ്. ദുരധികാരത്തെയും വംശഹത്യയെയും കുത്തകവത്കരണത്തെയും ചെറുക്കാൻ ജനാധിപത്യ മതേതരവിശ്വാസികളുടെ പ്രതിരോധനിര പടുത്തുയർത്തുക ഏതൊരാളുടെയും കടമയാണ്.

ഐക്യകേരളപ്പിറവിക്കുമുമ്പേ രൂപീകരിക്കപ്പെട്ട സാഹിത്യ അക്കാദമി അതിന്റെ ജന്മലക്ഷ്യങ്ങളെ നിറവേറ്റുന്നതിന് ജനകീയവും മൂല്യവത്തും വിമോചനാത്മകവുമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. കേരളീയസമൂഹത്തെ ഉണർത്തിനിർത്തുന്ന സൃഷ്ട്യുന്മുഖമായ ഒട്ടേറെ പരിപാടികൾ 2022-23 വർഷത്തിൽ അക്കാദമി സാധ്യമാക്കി. സ്വതന്ത്രചിന്തയും ശാസ്ത്രബോധവും യുക്തിവിചാരവും പുലരുന്ന ഒരു പൊതുമണ്ഡലം കെട്ടിപ്പടുക്കാൻ, മുഴുവൻ മലയാളികളുടെയും ആശയാഭിലാഷങ്ങൾക്കൊപ്പംനിന്നു പ്രവർത്തിക്കാൻ സാധ്യമാകുന്നു എന്നതിൽ സാഹിത്യ അക്കാദമിക്ക് ചാരിതാർത്ഥ്യവും ആത്മവിശ്വാസവുമുണ്ട്.

**സി.പി.അബൂബക്കർ**
സെക്രട്ടറി

# ആദരാഞ്ജലി

സാമൂഹ്യ-സാഹിത്യ-സാംസ്കാരികരംഗത്തുനിന്ന് ഏറെ പ്രമുഖർ ഈ കാലയളവിൽ കേരളസമൂഹത്തെ വിട്ടുപിരിഞ്ഞിട്ടുണ്ട്.

ഡോ.സ്കറിയ സക്കറിയ, എൻ.ഇ.ബാലകൃഷ്ണമാരാർ, സതീഷ്ബാബു പയ്യന്നൂർ, ടി.പി.രാജീവൻ, വിജയകുമാർമേനോൻ, ബി.ഹരികുമാർ, കെ.കെ.എസ്.തളിക്കുളം, വേണു വാര്യത്ത്, പി.നാരായണമേനോൻ, ഫാദർ എ.അടപ്പൂർ, ഡൊമിനിക് ലാപിയർ, നീൽമണി ഫൂക്കൻ, ബീയാർ പ്രസാദ്, ശ്രീപാദം ഈശ്വരൻനമ്പൂതിരി, രാജംനമ്പൂതിരി എന്നിവർ ഭാഷയ്ക്കും സംസ്കാരത്തിനും നൽകിയ വിലപ്പെട്ട സംഭാവനകൾക്കുമുന്നിൽ കേരള സാഹിത്യ അക്കാദമി ആദരപൂർവ്വം നമിക്കുന്നു.

# അക്കാദമി പരിപാടികൾ
## 2022-2023
(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ)

### വി. കെ. എൻ. അനുസ്മരണപ്രഭാഷണം

2022 ഏപ്രിൽ 21, വി.കെ.എൻ. സ്മാരകം, തിരുവില്വാമല

കേരള സാഹിത്യ അക്കാദമിയും വി.കെ.എൻ. സ്മാരകസമിതിയും ചേർന്ന് തിരുവില്വാമലയിൽ സംഘടിപ്പിച്ച അനുസ്മരണപരിപാടി അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. 'സാഹിതീയതയിലെ പൊളിച്ചെഴുത്തുകൾ: വി.കെ. എന്നിന്റെ സന്ദർഭം' എന്ന വിഷയത്തിൽ ഡോ. സുനിൽ പി.ഇളയിടം സ്മാരകപ്രഭാഷണം നടത്തി. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ ആമുഖമായി സംസാരിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് കെ.പത്മജ അധ്യക്ഷയായിരുന്നു. അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ, വി.കെ.എൻ. സ്മാരകസമിതി പ്രസിഡണ്ട് എൻ.രാംകുമാർ, സെക്രട്ടറി കെ.ആർ.മനോജ്കുമാർ എന്നിവർ സംസാരിച്ചു.

### പൂരം പുസ്തകോത്സവം – സാംസ്കാരികോത്സവം

2022 ഏപ്രിൽ 28 മുതൽ മെയ് 7 വരെ കേരള സാഹിത്യ അക്കാദമി, തൃശൂർ

തൃശൂർ പൂരത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച പൂരം പുസ്തകോത്സവം ഉന്നതവിദ്യാഭ്യാസ,സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ.ആർ.ബിന്ദു ഏപ്രിൽ 28-ന് ഉദ്ഘാടനം ചെയ്തു. പി.ബാലചന്ദ്രൻ എം.എൽ.എ. അധ്യക്ഷനായിരുന്നു. കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡണ്ട് വി.നന്ദകുമാർ ആദ്യവില്പന സ്വീകരിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, ടി.ഡി.രാമകൃഷ്ണൻ, വി.കെ.വിജയൻ, കെ.എസ്.സുനിൽകുമാർ എന്നിവർ സംസാരിച്ചു.

സാംസ്കാരികസമ്മേളനത്തിന്റെ രണ്ടാംദിവസം 'സംസ്കാരം–അധികാരവും പ്രതിരോധവും' എന്ന വിഷയത്തിൽ പ്രൊഫ.എം.എം.നാരായണൻ സംസാരിച്ചു. എ.സി.മൊയ്തീൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. മങ്ങാട് ബാലചന്ദ്രൻ സ്വാഗതവും കെ.എച്ച്.ഹാജു നന്ദിയും പറഞ്ഞു.

മൂന്നാംദിവസം 'വായനയിലെ സംഘർഷങ്ങൾ' എന്ന വിഷയത്തിൽ നിരൂപകനും എഴുത്തുകാരനുമായ ഡോ.കാവുമ്പായി ബാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ടി.പി.വേണുഗോപാലൻ അധ്യക്ഷനായിരുന്നു.

നാലാംദിവസം 'ഇതിഹാസങ്ങളും സമകാലീന മലയാളസാഹിത്യവും' എന്ന വിഷയത്തിൽ പ്രഭാവർമ്മ പ്രഭാഷണം നടത്തി. ഇ.പി.രാജഗോപാലൻ അധ്യക്ഷനായിരുന്നു.

മെയ് 2-ന് കവിസമ്മേളനവും നാടൻകലാവതരണവും നടന്നു. ഡോ.സി.രാവുണ്ണി ഉദ്ഘാടനം ചെയ്തു. ആർ.ശ്രീലതാവർമ്മ, സി.പി.അബൂബക്കർ, ബിലു പത്മിനി നാരായണൻ, ടി.ജി.അജിത, എം. ദിവ്യ, സുനിത പി.എം., പ്രേംശങ്കർ അന്തിക്കാട് എന്നിവർ കവിയരങ്ങിൽ പങ്കെടുത്തു.

മെയ് 3-ന് 'സാഹിത്യവും സാംസ്കാരികവൈവിദ്ധ്യവും' എന്ന വിഷയത്തിൽ സച്ചിദാനന്ദൻ പ്രഭാഷണം നടത്തി. ബെന്യാമിൻ അധ്യക്ഷനായിരുന്നു.

മെയ് 4-ന് 'എഴുത്തുകാരനാകുന്നതിന്റെ രഹസ്യങ്ങൾ' എന്ന വിഷയത്തിൽ സക്കറിയ പ്രഭാഷണം നടത്തി. അഷ്ടമൂർത്തി അധ്യക്ഷനായിരുന്നു.

മെയ് 5-ന് 'പുസ്തകപ്രസാധനരംഗത്തെ സ്ത്രീസാന്നിധ്യം' എന്ന വിഷയത്തിൽ വി.എസ്. ബിന്ദുവും 'ദേശമെഴുത്തിലെ പെൺജീവിതം' എന്ന വിഷയത്തിൽ ലിസിയും സംസാരിച്ചു. ഡോ.ഖദീജ മുംതാസ് അധ്യക്ഷയായിരുന്നു.

മെയ് 6-ന് 'ഇന്ത്യയിലെ സിനിമകൾ, സിനിമയിലെ ഇന്ത്യകൾ' എന്ന വിഷയത്തിൽ ജി.പി.രാമചന്ദ്രനും 'സ്ത്രീയും സിനിമയും' എന്ന വിഷയത്തിൽ അനു പാപ്പച്ചനും സംസാരിച്ചു. ഐ.ഷൺമുഖദാസ് അധ്യക്ഷനായിരുന്നു.

മെയ് 7-ന് നടന്ന സമാപനസമ്മേളനം മുരളി പെരുനെല്ലി എം.എൽ.എ. ഉദ്ഘാടനംചെയ്തു.

### തുഞ്ചൻ ഉത്സവം

2022 മെയ് 14, തുഞ്ചൻപറമ്പ്, തിരൂർ

'സമകാലകേരളവും സ്ത്രീസ്വത്വാവിഷ്കാരങ്ങളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമി

നാറിന്റെ ഉദ്ഘാടനം സാറാജോസഫ് നിർവ്വഹിച്ചു. അക്കാദമി ജനറൽ കൗൺസിൽ അംഗം ഡോ.ആർ. ശ്രീലതാവർമ്മ അധ്യക്ഷത വഹിച്ചു. 'ശാസ്ത്രാവബോധവും സ്ത്രീസമൂഹവും' എന്ന വിഷയത്തിൽ സോണിയ ഇ.പ.യും 'അസംഘടിതതൊഴിലിടങ്ങളിലെ സ്ത്രീസമൂഹം' എന്ന വിഷയത്തിൽ പി.എം. ആതിരയും 'ആചാരാനുഷ്ഠാനങ്ങളും ലിംഗസമത്വവും' എന്ന വിഷയത്തിൽ ആലങ്കോട് ലീലാകൃഷ്ണനും, 'ആർത്തവകാലജീവിതവും സമൂഹസുരക്ഷയും' എന്ന വിഷയത്തിൽ ഡോ.ഖദീജ മുംതാസും, 'സമകാലമലയാളസാഹിത്യവും സ്ത്രീപക്ഷസമീപനവും' എന്ന വിഷയത്തിൽ ഷംസാദ് ഹുസൈനും പ്രബന്ധങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു.

## ദ വേസ്റ്റ് ലാൻഡിന്റെയും യുലീസസ്സിന്റെയും നൂറാംവാർഷികാഘോഷം

2022 മെയ് 19, 20 അക്കാദമി ഓഡിറ്റോറിയം

ടി.എസ്.എലിയട്ടിന്റെ ദ വേസ്റ്റ് ലാൻഡ് എന്ന കവിതയുടെയും ജെയിംസ് ജോയ്സിന്റെ യുലീസസ് എന്ന ബൃഹദ്നോവലിന്റെയും നൂറാംവാർഷികം സെന്റർ ഫോർ ഇംഗ്ലീഷ് സ്റ്റഡീസ് ആൻഡ് റിസർച്ച്, കേരള സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ മെയ് 19, 20 തീയതികളിൽ അക്കാദമി ഓഡിറ്റോറിയത്തിൽവെച്ച് സംഘടിപ്പിച്ചു. സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ പരിപാടി ഉദ്ഘാടനംചെയ്തു.

## കമലാസുരയ്യ അനുസ്മരണം

2022 മെയ് 31, കമലാസുരയ്യ സ്മാരകം, പുന്നയൂർക്കുളം

സ്ത്രീവിരുദ്ധവും മനുഷ്യവിരുദ്ധവുമായ മൂല്യവ്യവസ്ഥയ്ക്കെതിരെ നിരന്തരം കലഹിച്ചിരുന്ന കലാകാരിയായിരുന്നു കമലാ സുരയ്യയെന്ന് സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ പറഞ്ഞു. കമലാ സുരയ്യയുടെ പതിമൂന്നാം ചരമവാർഷികത്തിൽ സാഹിത്യ അക്കാദമി സംഘടിപ്പിച്ച അനുസ്മരണപരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പുന്നയൂർക്കുളം കമലാ സുരയ്യ സ്മാരകത്തിൽ സച്ചിദാനന്ദനും അക്കാദമി സെക്രട്ടറി സി.പി.അബൂബക്കറും പുഷ്പാർച്ചന നടത്തി. എൻ.കെ.അക്ബർ എം.എൽ.എ. അധ്യക്ഷനായി. അക്കാദമി ജനറൽ കൗൺസിൽ അംഗങ്ങളായ ഡോ.സി.രാവുണ്ണി, ഡോ.മിനി പ്രസാദ്, എഴുത്തുകാരി മാനസി, ജില്ലാ പഞ്ചായത്ത് അംഗം റഹിം വീട്ടിപ്പറമ്പിൽ, എ.ഡി.ധനീപ്, കമലാ സുരയ്യ ട്രസ്റ്റ് ചെയർമാൻ കെ.ബി.സുകുമാരൻ എന്നിവരും സംസാരിച്ചു.

## എൻ.എൻ.കക്കാടും മലയാളകവിതയിലെ ആധുനികതയും

2022 ജൂൺ 14, ആമയാടുവയൽ, ബാലുശ്ശേരി

മലയാളകവിതയിൽ ആധുനികതയുടെ ഭാവസാന്ദ്രതയെ ഉണർത്തിവിട്ട പ്രമുഖകവി എൻ.എൻ. കക്കാടിനെ കേരള സാഹിത്യ അക്കാദമി അനുസ്മരിച്ചു. എൻ.എൻ.കക്കാട് വായനശാലയുമായി സഹകരിച്ച് ബാലുശ്ശേരി എൻ.എൻ.കക്കാട് സ്മാരകത്തിൽ നടന്ന അനുസ്മരണപരിപാടി നിയമസഭാ സ്പീക്കർ എം.ബി.രാജേഷ് ഉദ്ഘാടനംചെയ്തു.

കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എച്ച്.സുരേഷ് അധ്യക്ഷനായിരുന്നു. അഡ്വ. കെ.എം.സച്ചിൻദേവ് എം.എൽ.എ., ശ്യാം കക്കാട് എന്നിവർ മുഖ്യാതിഥികളായിരുന്നു. 'കക്കാടിന്റെ ആധുനികത, എലിയറ്റിന്റെയും' എന്ന വിഷയത്തിൽ സജയ് കെ.വി. അനുസ്മരണപ്രഭാഷണം നടത്തി. പുരുഷൻ കടലുണ്ടി, മുക്കം മുഹമ്മദ്, നഫീസ വഴുതിനപ്പറ്റ, കെ.ഷൈൻ, സജിൻരാജ് കെ. എന്നിവർ സംസാരിച്ചു.

'എൻ.എൻ.കക്കാടും പിന്മുറക്കാരും' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ വിജു നായരങ്ങാടി, ഡോ.പി.സുരേഷ്, പ്രവീണ കെ. എന്നിവർ പ്രഭാഷണം നടത്തി. അക്കാദമി നിർവ്വാഹകസമിതിയംഗം കെ.പി.രാമനുണ്ണി മോഡറേറ്ററായിരുന്നു. എൻ.എൻ.കക്കാട് വായനശാല പ്രസിഡന്റ് ജി.കെ.അനീഷ് സ്വാഗതവും ലൈബ്രേറിയൻ ലസിത കെ. നന്ദിയും പറഞ്ഞു. തുടർന്നു നടന്ന കവിസമ്മേളനം കല്പറ്റ നാരായണൻ ഉദ്ഘാടനം ചെയ്തു. സാഹിത്യ അക്കാദമി സെക്രട്ടറി സി.പി. അബൂബക്കർ അദ്ധ്യക്ഷനായിരുന്നു. വീരാൻകുട്ടി, മാധവൻ പുറച്ചേരി, സോമൻ കടലൂർ, ലോപ, വിമീഷ് മണിയൂർ, വിജില, ശ്രീജിത്ത് അരിയല്ലൂർ, എം.പി.അനസ്, പി.ആർ.രതീഷ്, ഷിഫാന സലിം, അമ്മു ദീപ, വിനു നീലേരി, പ്രദീപ് രാമനാട്ടുകര, സക്കീർ ഹുസൈൻ എന്നിവർ കവിതകൾ അവതരിപ്പിച്ചു. സുകുമാരൻ ചാലിഗദ്ധ, ഹാഷ്മി വിലാസിനി എന്നിവരും സംസാരിച്ചു.

## സ്ത്രീ: ഭാഷ എഴുത്ത് അരങ്ങ് ഏകദിന ശില്പശാല

2022 ജൂൺ 19, വെള്ളിമാടുകുന്ന്, കോഴിക്കോട്

അക്കാദമിയും ദർശനം സാംസ്കാരികവേദിയും സംയുക്തമായി കോഴിക്കോട് വെള്ളിമാടുകുന്ന് ജെൻഡർ പാർക്കിൽ സംഘടിപ്പിച്ച 'സ്ത്രീ: ഭാഷ എഴുത്ത് അരങ്ങ്' ശില്പശാല സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. സാഹിത്യ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ അദ്ധ്യക്ഷനായിരു

ന്നു. 'കഥയിലെ സ്ത്രീയും സമൂഹവും' എന്ന വിഷയത്തിൽ ലതാലക്ഷ്മി, 'സ്ത്രീക്ക് ഒരു ഭാഷയുണ്ടോ' എന്ന വിഷയത്തിൽ ഡോ.ആർ.രാജശ്രീ, 'മലയാളത്തിലെ സ്ത്രീകവിത' എന്ന വിഷയത്തിൽ ഡോ.രോഷ്നി സ്വപ്ന, 'അരങ്ങിലെ സ്ത്രീ' എന്ന വിഷയത്തിൽ സജിത മഠത്തിൽ എന്നിവർ ക്ലാസ്സുകളെടുത്തു. എം.എ.ജോൺസൺ, ഡോ. കെ.ദിനേശൻ, ടി.കെ.സുനിൽകുമാർ എന്നിവർ സംസാരിച്ചു. വിവിധ ജില്ലകളിൽനിന്നുള്ള നൂറിലധികം എഴുത്തുകാരികളാണ് ശില്പശാലയിൽ പങ്കെടുത്തത്.

## സാഹിത്യവും ചരിത്രവും– ഡോ.സുകുമാർ അഴീക്കോട് സ്മാരക പ്രഭാഷണപരമ്പര

2022 ജൂൺ 20, 21, 22, അക്കാദമി ഓഡിറ്റോറിയം

'സാഹിത്യവും ചരിത്രവും' എന്ന പൊതുശീർഷകത്തിൽ ഡോ.സുനിൽ പി.ഇളയിടത്തിന്റെ സുകുമാർ അഴീക്കോട് സ്മാരക പ്രഭാഷണപരമ്പര 2022 ജൂൺ 20, 21, 22 തീയതികളിൽ അക്കാദമി ഓഡിറ്റോറിയത്തിൽ നടന്നു. സാഹിത്യവും ചരിത്രവും: അർത്ഥപരിണാമങ്ങൾ, രൂപം എന്ന ചരിത്രബന്ധം, വായന അനുഭൂതിചരിത്രം എന്നീ വിഷയങ്ങളിലായിരുന്നു പ്രഭാഷണങ്ങൾ. അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ പ്രഭാഷണപരമ്പര ഉദ്ഘാടനംചെയ്തു.

## സംസ്ഥാന റവന്യൂ കലോത്സവം, സാംസ്കാരികസമ്മേളനം

2022 ജൂൺ 23, തൃശൂർ

സംസ്ഥാന റവന്യൂ കലോത്സവം തൃശൂരിൽ വെച്ച് നടക്കുന്നതിന്റെ ഭാഗമായി കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച സാംസ്കാരികസമ്മേളനം അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്തു. ബഹു.റവന്യൂവകുപ്പുമന്ത്രി കെ.രാജൻ, ജില്ലാകളക്ടർ ഹരിത വി.കുമാർ, ഡോ.ഖദീജ മുംതാസ്, ആലങ്കോട് ലീലാകൃഷ്ണൻ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

## സമം: സ്ത്രീസമത്വത്തിനായി സാംസ്കാരിക മുന്നേറ്റം

2022 ജൂലൈ 2, കേരള സാഹിത്യ അക്കാദമി, തൃശൂർ

കേരള സർക്കാർ സാംസ്കാരികവകുപ്പും സാഹിത്യ അക്കാദമിയും സംയുക്തമായി സംഘടിപ്പിച്ച 'സമം: സ്ത്രീസമത്വത്തിനായി സാംസ്കാരികമുന്നേറ്റം' സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഡേവിസ് മാസ്റ്റർ ആമുഖപ്രഭാഷണവും എസ്.ശാരദക്കുട്ടി മുഖ്യപ്രഭാഷണവും നടത്തി. പി.ബാലചന്ദ്രൻ എം.എൽ.എ. മുഖ്യാതിഥിയായിരുന്നു. ജില്ലാകളക്ടർ ഹരിത വി.കുമാർ, വി.എസ്.ബിന്ദു, ജെസ്സി ആന്റണി എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന സെമിനാർ സെഷനിൽ ഡോ.കെ.പി.മോഹനൻ അധ്യക്ഷനായിരുന്നു. അക്കാദമി ജനറൽ കൗൺസിൽ അംഗം ഡോ. വിജയരാജമല്ലിക സ്വാഗതവും ഡോ.സബിത സി.ടി. നന്ദിയും പറഞ്ഞു. എം.എ.സിദ്ദിഖ്, സോണിയ ഇ.പ., അഡ്വ.ആശ ഉണ്ണിത്താൻ, ശീതൾശ്യാം എന്നിവർ സംസാരിച്ചു. തുടർന്ന് ചെറുകാടിന്റെ 'സ്വതന്ത്ര' എന്ന നാടകം അരങ്ങേറി.

## ബഷീർ അനുസ്മരണം

2022 ജൂലൈ 4, വൈലാലിൽ, ബേപ്പൂർ

ബഷീർ ഫെസ്റ്റിനോടനുബന്ധിച്ച് ജൂലൈ 4–ന് വൈലാലിൽ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച യുവസാഹിത്യക്യാംപ് അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്തു. എ.സജീവൻ അധ്യക്ഷനായിരുന്നു. സുഭാഷ്ചന്ദ്രനായിരുന്നു ക്യാംപ് ഡയറക്ടർ. പി.കെ.പാറക്കടവ്, അനീസ് ബഷീർ, ഷാഹിന ബഷീർ എന്നിവർ പങ്കെടുത്തു. എം.കെ.അബ്ദുൾ ഹക്കീം, കെ.സജീവ്കുമാർ എന്നിവർ സംസാരിച്ചു.

## യു.പി.ജയരാജ് അനുസ്മരണ സെമിനാർ

2022 ജൂലൈ 11, കോസ്മോപൊളിറ്റൻ ക്ലബ്ബ് ഹാൾ, തലശ്ശേരി

തലശ്ശേരി കഥാവേദിയുമായി സഹകരിച്ച് കേരള സാഹിത്യ അക്കാദമി യു.പി.ജയരാജിന്റെ സ്മരണാർത്ഥം സംഘടിപ്പിച്ച സെമിനാർ ടി.പത്മനാഭൻ ഉദ്ഘാടനംചെയ്തു. 'കഥയുടെ വർത്തമാനം' എന്ന വിഷയത്തിൽ ഇ.പി.രാജഗോപാലൻ, രാജേന്ദ്രൻ എടത്തുംകര എന്നിവർ പ്രഭാഷണം നടത്തി. സാഹിത്യ അക്കാദമി നിർവ്വാഹകസമിതിയംഗം എം.കെ.മനോഹരൻ, ടി.പി.വേണുഗോപാലൻ, ടി.എം.ദിനേശൻ, കെ.കെ.രമേഷ്, മുകുന്ദൻ മഠത്തിൽ എന്നിവർ സംസാരിച്ചു.

## എഴുത്തച്ഛൻ പുരസ്കാരസമർപ്പണം

2022 ജൂലായ് 28, ടൗൺ ഹാൾ, കോഴിക്കോട്

ഭാഷാപിതാവിന്റെ പേരിലുള്ള കേരള സർക്കാരിന്റെ പരമോന്നത സാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം 2022 ജൂലായ് 28 വ്യാഴാഴ്ച കോഴിക്കോട് ടൗൺഹാളിൽവെച്ച് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ, കേരളത്തിന്റെ ആചാര്യ

സ്ഥാനത്തുനില്ക്കുന്ന പ്രശസ്ത എഴുത്തുകാരി പി.വത്സലക്ക് സമർപ്പിച്ചു. സമ്മേളനത്തിൽ ബഹു. സാംസ്കാരിക സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ.വാസവൻ അദ്ധ്യക്ഷത വഹിച്ചു. ബഹു. തുറമുഖം മ്യൂസിയം ആർക്കിയോളജി വകുപ്പുമന്ത്രി അഹമ്മദ് ദേവർകോവിൽ മുഖ്യാതിഥിയായി. റാണി ജോർജ്ജ് ഐ.എ.എസ്., സച്ചിദാനന്ദൻ, ഡോ.വി.പി.ജോയ്, എം.കെ.രാഘവൻ എം.പി., ഡോ.ബീന ഫിലിപ്പ് എന്നിവർ സംസാരിച്ചു.

## കവിതാപഠനശില്പശാല അധ്യാപകർക്ക്

2022 ജൂലായ് 30, 31 അക്കാദമി ചങ്ങമ്പുഴ ഹാൾ

സാഹിത്യ അക്കാദമി ചങ്ങമ്പുഴ ഹാളിൽ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് നടന്ന കവിതാപഠനശില്പശാല എസ്.കെ.വസന്തൻ ഉദ്ഘാടനംചെയ്തു. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ പ്രതിനിധികൾക്ക് സർട്ടിഫിക്കറ്റ് വിതരണംചെയ്ത് സംസാരിച്ചു. സി.പി.അബൂബക്കർ അദ്ധ്യക്ഷത വഹിച്ചു. കെ.വി.രാമകൃഷ്ണൻ, ഡോ.കെ.പി. മോഹനൻ, അശോകൻ ചരുവിൽ, കാവുമ്പായി ബാലകൃഷ്ണൻ, ആലങ്കോട് ലീലാകൃഷ്ണൻ, പ്രൊഫ.എം.ഹരിദാസ്, ഡോ.ബിലു പത്മിനി നാരായണൻ, ഡോ.മഞ്ജു സി., ഡോ.അനു പാപ്പച്ചൻ, ചന്ദ്രതാര രാജേഷ് എന്നിവർ സംസാരിച്ചു.

## പ്രൂഫ് വായനാശില്പശാല

2022 ആഗസ്റ്റ് 4, 5 അക്കാദമി വൈലോപ്പിള്ളി ഹാൾ

സംസ്ഥാനത്തെ പ്രൂഫ് വായനക്കാർക്കും ഡി.ടി.പി. ഓപ്പറേറ്റർമാർക്കുമായി കേരള സാഹിത്യ അക്കാദമി ദ്വിദിന പ്രൂഫ് വായനാശില്പശാല സംഘടിപ്പിച്ചു. അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ ശില്പശാല ഉദ്ഘാടനംചെയ്തു. ഉദ്ഘാടനസമ്മേളനത്തിൽ സാഹിത്യ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ അധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, ജനറൽ കൗൺസിൽ അംഗങ്ങളായ സുകുമാരൻ ചാലിഗദ്ധ, വിജയരാജമല്ലിക, മാനേജർ ജെസ്സി ആന്റണി, എൻ.ജി.നയനതാര, അനിൽമാരാത്ത് എന്നിവർ സംസാരിച്ചു. തുടർന്ന് ഡോ.കാവുമ്പായി ബാലകൃഷ്ണൻ, പ്രൊഫ.എം.ഹരിദാസ്, പി.യഹിയ, കെ.സി.നാരായണൻ, മണമ്പൂർ രാജൻബാബു, ഡോ.സി.ജെ.ജോർജ്ജ് എന്നിവർ ക്ലാസ്സെടുത്തു. ശ്രീലതാവർമ്മ, എൻ.രാജൻ, വി.എസ്.ബിന്ദു എന്നിവർ സെഷനുകളിൽ ആമുഖപ്രഭാഷണം നടത്തി.

ശില്പശാലയുടെ രണ്ടാംദിവസം രാവിലെ 'മലയാളവും സംസ്കൃതസന്ധികളും' എന്ന വിഷയത്തിൽ കെ.കെ.യതീന്ദ്രൻ ക്ലാസ്സെടുത്തു. ഡോ. മിനി പ്രസാദ് അധ്യക്ഷത വഹിച്ചു. തുടർന്ന്, 'ഭാഷാപ്രയോഗവൈകല്യങ്ങൾ' എന്ന വിഷയത്തിൽ ഡോ.സി.പി.ചിത്രഭാനു ക്ലാസ്സെടുത്തു. ഡോ.കുര്യാസ് കുമ്പളക്കുഴിയായിരുന്നു സെഷന്റെ അധ്യക്ഷൻ. 'ഡിജിറ്റൽ മലയാളവും പുതിയ കാലത്തെ അതിജാഗ്രതയും' എന്ന വിഷയത്തിൽ മനോജ് കെ.പുതിയവിള ക്ലാസ്സ് കൈകാര്യം ചെയ്തു.

വൈകീട്ടു നടന്ന സമാപനസമ്മേളനം അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്തു. സി.രാവുണ്ണി അദ്ധ്യക്ഷനായിരുന്നു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു. കെ.ജി. പ്രാൺസിംഗ് ആശംസാപ്രസംഗം നടത്തി. രണ്ടു ദിവസങ്ങളിലായി നടന്ന ശില്പശാലയിൽ വിവിധ ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 81 പ്രതിനിധികൾ പങ്കെടുത്തു.

## സ്വാതന്ത്ര്യത്തിന്റെ 75-ാംവാർഷികം-സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം-സ്വാതന്ത്ര്യസമരവും കേരളസംസ്കാരവും: ഏകദിനസെമിനാർ

2022 ആഗസ്റ്റ് 9, അയ്യങ്കാളി സ്മൃതിമണ്ഡപം, വെങ്ങാനൂർ

സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി തിരുവനന്തപുരം വെങ്ങാനൂർ അയ്യൻകാളി സ്മൃതിമണ്ഡപത്തിൽ സംഘടിപ്പിച്ച 'സ്വാതന്ത്ര്യസമരവും കേരളസംസ്കാരവും' ഏകദിനസെമിനാർ ജസ്റ്റിസ് കെ.ചന്ദ്രു ഉദ്ഘാടനംചെയ്തു. അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ അദ്ധ്യക്ഷനായിരുന്നു. അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, സെക്രട്ടറി സി.പി.അബൂബക്കർ, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്.ശ്രീകുമാർ, അക്കാദമി നിർവ്വാഹകസമിതിയംഗം വി.എസ്. ബിന്ദു, അക്കാദമി ജനറൽ കൗൺസിൽ അംഗം സാവിത്രി രാജീവൻ, സ്വാഗതസംഘം ജനറൽ കൺവീനർ വിനോദ് വൈശാഖി എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്കുശേഷം വിവിധ വിഷയങ്ങളിൽ നടന്ന സെമിനാറുകളിൽ ഡോ.പി.കെ.രാജശേഖരൻ, ഡോ.മ്യൂസ് മേരി ജോർജ്ജ്, സി.എസ്.വെങ്കിടേശ്വരൻ, ഡോ.എം.എ.സിദ്ദിഖ് എന്നിവർ പ്രബന്ധാവതരണം നടത്തി. ഡോ.കെ.എസ്.രവികുമാർ, സതീഷ് കിടാരക്കുഴി എന്നിവർ സംസാരിച്ചു. ക്യാപ്റ്റൻ ജെറി പ്രേംരാജിന്റെ സ്മൃതികുടീരത്തിൽ നിന്നും സമ്മേളനനഗരിയിലേക്ക് സാംസ്കാരിക ഘോഷയാത്രയും നടന്നു.

## വാങ്മയം 2022 – സാഹിത്യസമ്മേളനം

2022 ആഗസ്റ്റ് 14, വിമാനപുര, ബെംഗളുരു

കേരള സാഹിത്യ അക്കാദമി, ബെംഗളൂരു പുരോഗമന കലാസാഹിത്യസംഘത്തിന്റെ സഹകരണത്തോടെ ബെംഗളൂരു എച്ച്.എ.എൽ. കൈരളി കലാസമിതി സ്‌കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വാങ്മയം 2022 സാഹിത്യസമ്മേളനം അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്തു. സുരേഷ് കോടൂർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സി.പി.അബൂബക്കർ ആമുഖ ഭാഷണം നടത്തി. തുടർന്ന് അശോകൻ ചരുവിൽ, എ.ആർ.ഇൻഫാന്റ്, സുധാകരൻ രാമന്തളി എന്നിവർ സംസാരിച്ചു.

## അരങ്ങ്: കേരളത്തിലെ ആദ്യത്തെ ക്വീർ സാഹിത്യോത്സവം

2022 ആഗസ്റ്റ് 17, കേരള സാഹിത്യ അക്കാദമി, തൃശൂർ

ട്രാൻസ്‌ജെൻഡർ, ഇന്റർസെക്സ്, ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ജെൻഡർ ക്വീർ, അസെക്ഷ്വൽ എഴുത്തുകാരെ ഉൾപ്പെടുത്തി കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച സാഹിത്യോത്സവം 'അരങ്ങ്' സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു.

സെക്രട്ടറി സി.പി.അബൂബക്കർ അധ്യക്ഷത വഹിച്ചു. അക്കാദമി ജനറൽ കൗൺസിലംഗം വിജയരാജമല്ലിക, കേരള സംസ്ഥാന ട്രാൻസ്‌ജെൻഡർ ജസ്റ്റിസ് ബോർഡ് അംഗങ്ങളായ സൂര്യ ഇഷാൻ, ആനന്ദ് രാജപ്പൻ, ഈ.ഡി.ഡേവീസ് എന്നിവർ സംസാരിച്ചു.

'ക്വീർ സാഹിത്യവും വെല്ലുവിളികളും' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ അനസ് എൻ.എസ്. മോഡറേറ്ററായിരുന്നു. ഡോ.സി.രാവുണ്ണി, കിഷോർകുമാർ, ശീതൾ ശ്യാം, വൈഗ സുബ്രഹ്മണ്യം, മുഹമ്മദ് സുഹറാബി, കെ.എസ്.സുനിൽകുമാർ എന്നിവർ സംസാരിച്ചു. പാനൽ ചർച്ചക്കുശേഷം ക്വീർ എഴുത്തുകാരുടെ അവതരണങ്ങൾ അരങ്ങേറി.

## സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം – വിധിയുമായുള്ള സമാഗമം

2022 ആഗസ്റ്റ് 19, 22, 29, 30 കേരള സാഹിത്യ അക്കാദമി, തൃശൂർ

ആഗസ്റ്റ് 19–ന് കേരള സാഹിത്യ അക്കാദമിയും ബഹുജന സാംസ്‌കാരിക കൂട്ടായ്മയും സംയുക്തമായി സംഘടിപ്പിച്ച 'സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം–വിധിയുമായുള്ള സമാഗമം' പ്രഭാഷണപരമ്പരയിൽ കെ.സച്ചിദാനന്ദൻ 'സ്വാതന്ത്ര്യത്തിന്റെ സാംസ്‌കാരികപരിപ്രേക്ഷ്യങ്ങൾ' എന്ന വിഷയം അവതരിപ്പിച്ച് സംസാരിച്ചു. കാവുമ്പായി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കവിത ബാലകൃഷ്ണൻ, പി.കെ.വേണുഗോപാൽ എന്നിവർ സംസാരിച്ചു.

ആഗസ്റ്റ് 22–ന് 'ഇന്ത്യൻ ജനാധിപത്യത്തിന്റെ വർത്തമാനം' എന്ന വിഷയത്തിൽ ബി.രാജീവൻ സംസാരിച്ചു. പി.എൻ.ഗോപീകൃഷ്ണൻ അധ്യക്ഷത വഹിച്ചു. രേണു രാമനാഥ്, ഡോ.കെ.പ്രദീപ് കുമാർ, പി.എസ്.ഇക്ബാൽ, ഡോ.സി.ആർ. പ്രമോദ്, ഗൗരീലക്ഷ്മി എന്നിവർ സംസാരിച്ചു.

ആഗസ്റ്റ് 29–ന് 'വെറുപ്പിന്റെ രാഷ്ട്രീയത്തെ എങ്ങനെ മാറ്റിമറിക്കാൻ കഴിയും' എന്ന വിഷയത്തിൽ രേവതി ലോളും, 'സ്വാതന്ത്ര്യത്തിനായുള്ള ദളിതരുടെ അവസാനിക്കാത്ത പോരാട്ടങ്ങൾ' എന്ന വിഷയത്തിൽ ആദവൻ ദീക്ഷണ്യയും പ്രഭാഷണം നടത്തി. ജി.പി.രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. ശ്രീജിത്ത് ദിവാകരൻ, ഉമേഷ് ഓമനക്കുട്ടൻ, പി.കെ.വേണുഗോപാൽ, ഡോ.എ.വിജയൻ എന്നിവർ സംസാരിച്ചു.

ആഗസ്റ്റ് 30–ന് 'ഭൂരിപക്ഷരാഷ്ട്രീയം–ജനാധിപത്യത്തിന്റെയും വിയോജിപ്പിന്റെയും മേഖലകളിൽ അതുളവാക്കുന്ന പ്രത്യാഘാതങ്ങൾ' എന്ന വിഷയത്തിൽ കെ.ഇ.എൻ. പ്രഭാഷണം നടത്തി. അഡ്വ.വി.എൻ.ഹരിദാസ് അധ്യക്ഷത വഹിച്ചു. ടി.എ.മുഹമ്മദ് ഇക്ബാൽ, ഡോ.ബിലു പത്മിനി നാരായണൻ, വി.ഡി.പ്രേംപ്രസാദ്, കെ.എൽ. ജോസ് എന്നിവർ സംസാരിച്ചു.

## സ്വാതന്ത്ര്യത്തിന്റെ മുക്കാൽനൂറ്റാണ്ട്, വിഭജനത്തിന്റെയും – ഏകദിന സെമിനാർ

2022 ആഗസ്റ്റ് 28, ഗ്രാമിക, കുഴിക്കാട്ടുശ്ശേരി

സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി കുഴിക്കാട്ടുശ്ശേരി ഗ്രാമികയുടെ സഹകരണത്തോടെ സംഘടിപ്പിച്ച 'സ്വാതന്ത്ര്യത്തിന്റെ മുക്കാൽനൂറ്റാണ്ട്, വിഭജനത്തിന്റെയും' ഏകദിന സെമിനാർ അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്തു. ഇ.കെ.ദിവാകരൻപോറ്റി അനുസ്മരണപ്രഭാഷണവും അദ്ദേഹം നിർവ്വഹിച്ചു. ഗ്രാമികയിൽ നടന്ന പരിപാടിയിൽ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ അധ്യക്ഷത വഹിച്ചു. 'വിവർത്തനത്തിലെ പ്രതിരോധം' എന്ന വിഷയത്തിൽ ആലങ്കോട് ലീലാകൃഷ്ണൻ, ദിവാകരൻപോറ്റി സ്മാരകപ്രഭാഷണം നിർവ്വഹിച്ചു. ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.ആർ. ജോജോ, ബ്ലോക്ക് പഞ്ചായത്ത് അംഗം ജുമൈല ഷഗീർ, ഗ്രാമപഞ്ചായത്ത് അംഗം മിനി പോളി, ഗ്രാമിക പ്രസിഡണ്ട് പി.കെ.കിട്ടൻ, കെ.എസ്. സുനിൽകുമാർ എന്നിവർ സംസാരിച്ചു.

ഉച്ചതിരിഞ്ഞ് നടന്ന സെമിനാറിൽ 'സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ സ്ത്രീകൾ' എന്ന വിഷയത്തിൽ സാറാജോസഫ്, 'സ്വാതന്ത്ര്യസമരകാലത്തെ ദേശീയതയും പിൽക്കാലപരിണതികളും' വിഷയത്തിൽ കെ.ഇ.എൻ., 'ഭരണഘടനയിലെ സ്വാതന്ത്ര്യദർശനത്തെപ്പറ്റി' ഡോ.സുനിൽ പി.ഇളയിടം എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഗ്രാമിക വൈസ് പ്രസിഡണ്ട് രമ രാഘവൻ, ട്രഷറർ ഇ.കെ.മോഹൻദാസ് എന്നിവർ സംസാരിച്ചു. ഗ്രാമിക അക്കാദമി വിദ്യാർത്ഥികൾ സ്വാതന്ത്ര്യഗീതങ്ങൾ ആലപിച്ചു. തുടർന്ന് തൃശൂർ ജനനയന 'സ്വാതന്ത്ര്യാവിഷ്ക്കാരങ്ങൾ' പ്രതിരോധത്തിന്റെ പാട്ടുകളും ദൃശ്യാവിഷ്ക്കാരങ്ങളും അവതരിപ്പിച്ചു.

## കഥാകാരന്മാർക്ക് പ്രണാമം – നാരായൻ, എസ്.വി.വേണുഗോപൻനായർ അനുസ്മരണം

2022 ആഗസ്റ്റ് 31, കേരള സാഹിത്യ അക്കാദമി, തൃശൂർ

കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച കഥാകാരന്മാർക്ക് പ്രണാമം–നാരായൻ, എസ്.വി.വേണുഗോപൻനായർ അനുസ്മരണസമ്മേളനം അശോകൻ ചരുവിൽ ഉദ്ഘാടനംചെയ്തു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.പി.രാജഗോപാലൻ നാരായനെയും ജി.ആർ.ഇന്ദുഗോപൻ എസ്.വി.വേണുഗോപൻനായരെയും അനുസ്മരിച്ചു. കെ.എസ്.സുനിൽകുമാർ സ്വാഗതവും എ.എച്ച്.സിറാജുദ്ദീൻ നന്ദിയും പറഞ്ഞു.

## എം. കുട്ടികൃഷ്ണൻമാസ്റ്റർ അനുസ്മരണം

2022 സെപ്തംബർ 18, എ.കെ.ജി.ഹാൾ, പയ്യോളി

കേരള സാഹിത്യ അക്കാദമി പയ്യോളിയിൽ സംഘടിപ്പിച്ച എം.കുട്ടികൃഷ്ണൻമാസ്റ്റർ അനുസ്മരണപരിപാടിയും സെമിനാറും അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, ഡോ.മിനി പ്രസാദ്, രാജേന്ദ്രൻ എടുത്തുംകര, കെ.ടി.കുഞ്ഞിക്കണ്ണൻ എന്നിവർ സംസാരിച്ചു.

## പിറപ്പ് – കവിതാശില്പശാല

2022 സെപ്തംബർ 30, ഒക്ടോബർ 1–3, തേക്കടി, ഇടുക്കി

കേരള സാഹിത്യ അക്കാദമിയും പുരോഗമന കലാസാഹിത്യസംഘം സംസ്ഥാനകമ്മിറ്റിയും സംയുക്തമായി പിറപ്പ് എന്ന പേരിൽ തേക്കടിയിൽ കവിതാശില്പശാല സംഘടിപ്പിച്ചു. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ശില്പശാല ഉദ്ഘാടനംചെയ്തു. വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ അധ്യക്ഷത വഹിച്ചു. ശില്പശാലയുടെ ഭാഗമായ സാംസ്കാരികസമ്മേളനം കെ.ഇ.എൻ. ഉദ്ഘാടനം ചെയ്തു.

## സമം – സ്ത്രീസമത്വത്തിനായി സാംസ്കാരിക മുന്നേറ്റം

2022 ഒക്ടോബർ 7, എരവിമംഗലം ഗ്രാമീണ വായനശാല, തൃശൂർ

സ്ത്രീതുല്യതയുടെ സന്ദേശമുയർത്തിക്കൊണ്ട് കേരള സർക്കാർ മുന്നോട്ടുവച്ച 'സമം' പരിപാടിയുടെ ഭാഗമായി അക്കാദമി എരവിമംഗലത്തു സംഘടിപ്പിച്ച സാംസ്കാരികസമ്മേളനം മന്ത്രി കെ. രാജൻ ഉദ്ഘാടനംചെയ്തു. അക്കാദമി സെക്രട്ടറി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ശ്രീവിദ്യ രാജേഷ് മുഖ്യാതിഥിയായി. കെ.ഇ.എൻ., ഡോ. ബിലു പത്മിനി നാരായണൻ, അഡ്വ.പി.ആർ. രഞ്ജിത്ത്, ടി.ആർ.വിജയൻ, നടുവം സത്യൻ, എം. സഹദേവൻ, എ.എൻ.ജയൻ, എം.സത്യദേവൻ, ജിയ ഗിഫ്റ്റൻ എന്നിവർ പങ്കെടുത്തു സംസാരിച്ചു. കെ.വി.ഗണേഷ് സംവിധാനംചെയ്ത് രംഗചേതന അവതരിപ്പിച്ച നാടകം 'സ്വതന്ത്ര' അരങ്ങേറി.

## ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ നൂറാംവാർഷികാഘോഷം സംസ്ഥാനതല ഉദ്ഘാടനം

2022 ഒക്ടോബർ 15, അക്കാദമി ഓഡിറ്റോറിയം

കുമാരനാശാന്റെ ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി എന്നീ കൃതികളുടെ നൂറാംവാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം കേരള സാഹിത്യ അക്കാദമിയിൽ നടന്ന ചടങ്ങിൽ മുൻ സാംസ്കാരികവകുപ്പുമന്ത്രിയും സി.പി.ഐ.(എം.) പോളിറ്റ് ബ്യൂറോ അംഗവുമായ എം.എ.ബേബി നിർവ്വഹിച്ചു. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ അധ്യക്ഷത വഹിച്ചു. അശോകൻ ചരുവിൽ, സി.പി.അബൂബക്കർ, വി.എസ്.ബിന്ദു, കെ.എസ്.സുനിൽകുമാർ എന്നിവരും സംസാരിച്ചു. കവി പി.രാമൻ ദുരവസ്ഥയിലെയും ചണ്ഡാലഭിക്ഷുകിയിലെയും തെരഞ്ഞെടുത്ത ഭാഗങ്ങൾ ആലപിച്ചു. ഉച്ചയ്ക്കുശേഷം നടന്ന സെമിനാറിൽ 'നവോത്ഥാനത്തിന്റെ സ്പന്ദങ്ങൾ: ചണ്ഡാലഭിക്ഷുകിയിലും ദുരവസ്ഥയിലും' എന്ന വിഷയത്തിൽ സജയ് കെ.വി., ഡോ.അജയ് ശേഖർ, മായ പ്രമോദ് എന്നിവർ പ്രബന്ധാവതരണം നടത്തി. കെ.പി.രാമനുണ്ണി അധ്യക്ഷനായിരുന്നു. എൻ.രാജൻ, മനീഷ പാങ്ങിൽ എന്നിവർ സംസാരിച്ചു.

## ശ്രീകേരളവർമ്മ കോളേജ്-EIDOS, ഇന്റർനാഷണൽ കോൺഫറൻസ് കൾച്ചർ & ജെൻഡർ

2022 ഒക്ടോബർ 19, അക്കാദമി ഓഡിറ്റോറിയം, തൃശൂർ

കേരള സാഹിത്യ അക്കാദമിയും ശ്രീകേരളവർമ്മ കോളേജ് ഇംഗ്ലീഷ് വിഭാഗവും സംയുക്തമായി EIDOS എന്ന പേരിൽ ദ്വിദിന സെമിനാർ പരമ്പര സംഘടിപ്പിച്ചു. കൾചർ ആന്റ് ജെൻഡർ എന്ന വിഷയത്തിൽ നടന്ന സെമിനാർ ജെ.എൻ.യു. അധ്യാപികയും എഴുത്തുകാരിയുമായ ഡോ.നിവേദിതമേനോൻ ഉദ്ഘാടനംചെയ്തു. പ്രൊഫ.വി.എ. നാരായണമേനോൻ അദ്ധ്യക്ഷനായി. ഡോ. ഐശ്വര്യ എസ്.ബാബു, ഡോ.എൻ.ദിവ്യ, ഡോ.കെ. എസ്.രാധിക, പ്രൊഫ.കൃപ എന്നിവർ സംസാരിച്ചു.

## കാക്കനാടൻ അനുസ്മരണം

2022 ഒക്ടോബർ 19, പബ്ലിക് ലൈബ്രറി ഹാൾ, കൊല്ലം

കേരള സാഹിത്യ അക്കാദമിയും കാക്കനാടൻ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച കാക്കനാടൻ അനുസ്മരണപരിപാടി എഴുത്തുകാരനും അക്കാദമി അംഗവുമായ ബെന്യാമിൻ ഉദ്ഘാടനംചെയ്തു. അനുസ്മരണത്തിൽ കാക്കനാടൻ ഫൗണ്ടേഷൻ വർക്കിങ് ചെയർമാൻ കെ.സോമപ്രസാദ് അദ്ധ്യക്ഷനായി. പ്രൊഫ.കെ.എസ്.രവികുമാർ മുഖ്യാതിഥിയായി. രാധ കാക്കനാടൻ, ഡി. സുരേഷ്കുമാർ, കെ.ഭാസ്കരൻ, ആശ്രാമം ഭാസി എന്നിവർ സംസാരിച്ചു.

## നെല്ല് 50 – ാംവാർഷികം

2022 ഒക്ടോബർ 19, തൃശ്ശിലേരി, വയനാട്

ആദിവാസിജീവിതത്തിന്റെ നൊമ്പരങ്ങളും അതിജീവനശ്രമങ്ങളും അടയാളപ്പെടുത്തിയ പി. വത്സലയുടെ നെല്ല് നോവലിന്റെ അൻപതാം വാർഷികം കഥ പിറന്ന തിരുനെല്ലിയിൽ കേരള സാഹിത്യ അക്കാദമി ആഘോഷിച്ചു. എഴുത്തുകാരൻ എൻ.പി.ഹാഫിസ് മുഹമ്മദ് വാർഷികാഘോഷം ഉദ്ഘാടനംചെയ്തു. അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ അധ്യക്ഷനായ ചടങ്ങിൽ ഡോ.കെ.രമേശൻ, ഡോ.പി.എ.പുഷ്പലത എന്നിവർ പ്രബന്ധാവതരണങ്ങൾ നടത്തി. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, പി.വി.ബാലകൃഷ്ണൻ, പി.കെ.സുധീർ, മുസ്തഫ ദ്വാരക, വസന്തകുമാരി, ആർ.അജയകുമാർ എന്നിവർ സംസാരിച്ചു.

## ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ – നൂറാംവാർഷികാഘോഷം

2022 ഒക്ടോബർ 20, സുൽത്താൻ ബത്തേരി, വയനാട്

അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി സി.പി.അബൂബക്കർ ആമുഖഭാഷണം നടത്തി. 'ആശാന്റെ സാമൂഹ്യബോധവും ലാവണ്യബോധവും ചണ്ഡാലഭിക്ഷുകിയിലും ദുരവസ്ഥയിലും' എന്ന വിഷയത്തിൽ മൈന ഉമൈബാനും 'ചണ്ഡാലഭിക്ഷുകിയിലെ നവോത്ഥാനവെളിച്ചങ്ങൾ' എന്ന വിഷയത്തിൽ സോമൻ കടലൂരും പ്രഭാഷണങ്ങൾ നടത്തി. ടി.കെ.രമേഷ്, പി.കെ.സുധീർ, എം.ദേവകുമാർ, പി.കെ.സത്താർ, സുകുമാരൻ ചാലിഗദ്ദ എന്നിവർ സംസാരിച്ചു.

## കേരളസംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ മേഖലാതലവിജ്ഞാനോത്സവം

2022 ഒക്ടോബർ 28, 29 അക്കാദമി ഓഡിറ്റോറിയം

സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും കേരള സാഹിത്യ അക്കാദമിയും സംയുക്തമായി സംഘടിപ്പിച്ച വിജ്ഞാനോത്സവം സാറാ ജോസഫ് ഉദ്ഘാടനംചെയ്തു. സാഹിത്യ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ അധ്യക്ഷത വഹിച്ചു. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.മ്യൂസ് മേരി ജോർജ്ജ് ആമുഖപ്രഭാഷണം നടത്തി. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ, വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ, എസ്.രാജലക്ഷ്മി, എസ്.രാജേഷ്കുമാർ, ജി.ആർ.ഇന്ദുഗോപൻ, ഡോ.എം.എം.സിദ്ദിഖ് എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

## നവംബർ 1 ഭാഷാദിനം

2022 നവംബർ 1, അക്കാദമി ഓഡിറ്റോറിയം, തൃശൂർ

കേരള സാഹിത്യ അക്കാദമിയും തൃശൂർ ജില്ലാ ആസൂത്രണസമിതിയും ജില്ലാ പ്ലാനിങ് ഓഫീസും സംയുക്തമായി അക്കാദമി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഭാഷാദിനാഘോഷം ജില്ലാ ആസൂത്രണസമിതി ചെയർമാൻ പി.കെ.ഡേവിസ് മാസ്റ്റർ ഉദ്ഘാടനംചെയ്തു. പി.എൻ.ഗോപീകൃഷ്ണൻ അധ്യക്ഷനായിരുന്നു. സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച ഡോ.കെ.സുഗതന്റെ ക്ലാസിക്കൽ മലയാളം എന്ന ജില്ലാകളക്ടർ ഹരിത വി.കുമാർ, ടി.എ. ഫസീലയ്ക്ക് നൽകി പ്രകാശനം ചെയ്തു.

സുകുമാരൻ ചാലിഗദ്ദ, വി.എസ്.പ്രിൻസ്, ഡോ.കെ. സുഗതൻ, എം.കെ.ശ്രീലത, ഇ.എസ്.സുഭീഷ് എന്നിവർ സംസാരിച്ചു. അക്കാദമി പബ്ലിക്കേഷൻസ് ഓഫീസർ ഈ.ഡി.ഡേവീസ് ഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഉച്ചയ്ക്കുശേഷം ചങ്ങമ്പുഴ ഹാളിൽ കൂടിയാട്ടത്തിന്റെ അരങ്ങുമൊഴി, കേരളീയ ചിത്രമെഴുത്തിന്റെ ഭാഷയും ഭാവനയും എന്നീ വിഷയങ്ങളിൽ കലാമണ്ഡലം മണികണ്ഠൻ, വിവേക് ദാസ് എം.എം. എന്നിവർ പ്രഭാഷണം നടത്തി. ഡോ. എൻ.ആർ.ഗ്രാമപ്രകാശ് അധ്യക്ഷനായിരുന്നു. ഓട്ടൻതുള്ളൽ, പാട്ടരങ്ങ്, നൃത്തനൃത്യങ്ങൾ എന്നിവയും അരങ്ങേറി.

## ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ – ശതാബ്ദി സെമിനാർ

2022 നവംബർ 3, വാക്കാട് മലയാള സർവകലാശാല, തിരൂർ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പത്താംവാർഷികാഘോഷത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച ചണ്ഡാലഭിക്ഷുകി – ദുരവസ്ഥ ശതാബ്ദി സെമിനാർ അക്കാദമി നിർവ്വാഹകസമിതിയംഗം ഡോ.സുനിൽ പി. ഇളയിടം ഉദ്ഘാടനംചെയ്തു. അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ അധ്യക്ഷനായി. ഡോ.കെ.എം.അനിൽ, ഡോ.അശോക് ഡിക്രൂസ്, ഡോ.എം.ഡി.രാധിക, പി.കെ.ആര്യ, ഡോ.കെ.ബാബുരാജൻ, ഡോ.വി.ദിവ്യ എന്നിവർ പ്രബന്ധവാതരണം നടത്തി.

## സേതുവിന് 80

2022 നവംബർ 12, ആലുവ പടിഞ്ഞാറേ കടുങ്ങല്ലൂർ

80 വയസ്സ് പിന്നിട്ട എഴുത്തച്ഛൻ പുരസ്കാരജേതാവ് സേതുവിന് കേരള സാഹിത്യ അക്കാദമിയുടെ ആദരം. എറണാകുളം പടിഞ്ഞാറേ കടുങ്ങല്ലൂരിൽവെച്ചുനടന്ന ചടങ്ങ് മന്ത്രി പി.രാജീവ് ഉദ്ഘാടനംചെയ്തു. അക്കാദമി പ്രസിഡണ്ട് അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി സി.പി.അബൂബക്കർ മുഖ്യപ്രഭാഷണം നടത്തി. സുഭാഷ്ചന്ദ്രൻ, ഡോ. മ്യൂസ് മേരി ജോർജ്ജ്, കെ.വി.രവീന്ദ്രൻ, അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ, ഡോ. സുനിൽ പി.ഇളയിടം, ഡോ.കെ.എസ്.രവികുമാർ, സുരേഷ് മുട്ടത്തിൽ, ആർ.രാജലക്ഷ്മി, വി.എം.ശശി, പ്രൊഫ.ഇ.എസ്.സതീശൻ, ഡോ.വി.കെ.അബ്ദുൾ ജലീൽ, ശ്രീമൻ നാരായണൻ തുടങ്ങിയവർ സംസാരിച്ചു.

## കേരള സാഹിത്യ അക്കാദമി 66 – ാംവാർഷികാഘോഷവും പുരസ്കാരസമർപ്പണവും

2022 നവംബർ 15, 16 അക്കാദമി അങ്കണം

കേരള സാഹിത്യ അക്കാദമിയുടെ 66 –ാം വാർഷികാഘോഷവും പുരസ്കാരസമർപ്പണച്ചടങ്ങും നവംബർ 15 –ന് സാംസ്കാരികവകുപ്പ് മന്ത്രി വി.എൻ.വാസവൻ ഉദ്ഘാടനംചെയ്തു. വൈശാഖൻ, കെ.പി.ശങ്കരൻ എന്നിവർക്ക് അക്കാദമിയുടെ വിശിഷ്ടാംഗത്വവും കെ.ജയകുമാർ, കെ.എ.ജയശീലൻ, ജാനമ്മ കുഞ്ഞുണ്ണി, ഗീത കൃഷ്ണൻകുട്ടി, കവിയൂർ രാജഗോപാലൻ, കടത്തനാട്ട് നാരായണൻ എന്നിവർക്ക് സമഗ്രസംഭാവനാപുരസ്കാരവും മന്ത്രി സമ്മാനിച്ചു. കേരള സാഹിത്യ അക്കാദമിയുടെ 2021 –ലെ അവാർഡുകളും എൻഡോവ്മെന്റുകളും നവംബർ 16 –ന് അക്കാദമി ബഷീർവേദിയിൽ നടന്ന ചടങ്ങിൽ പ്രസിഡണ്ട് സച്ചിദാനന്ദൻ സമ്മാനിച്ചു.

## ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ – ശതാബ്ദി വർഷവായന

2022 നവംബർ 19, ടൗൺ ഹാൾ, വടകര, കോഴിക്കോട്

സാഹിത്യ അക്കാദമി, ബോധി വടകരയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ചണ്ഡാലഭിക്ഷുകി – ദുരവസ്ഥ ശതാബ്ദിവർഷാഘോഷം മുനിസിപ്പൽ ടൗൺഹാളിൽ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. സെക്രട്ടറി സി.പി. അബൂബക്കർ ചടങ്ങിൽ അദ്ധ്യക്ഷനായി. 'ചണ്ഡാലഭിക്ഷുകി – രചനാതന്ത്രങ്ങളിലെ പരിവർത്തനം' എന്ന വിഷയത്തിൽ ഡോ.എം.എം.ബഷീറും, 'രണ്ട് സ്ത്രീകൾ – മാതംഗിയും സാവിത്രിയും' എന്ന വിഷയത്തിൽ ഡോ.സംഗീത ചേനംപുല്ലിയും പ്രഭാഷണം നടത്തി. 'ചണ്ഡാലഭിക്ഷുകിയുടെ പ്രഭവങ്ങൾ' എന്ന വിഷയത്തിൽ ഇ.പി.രാജഗോപാലനും 'ചണ്ഡാലഭിക്ഷുകിയുടെ സഞ്ചാരപഥങ്ങൾ' എന്ന വിഷയത്തിൽ ഡോ.രാജേന്ദ്രൻ എടത്തുംകരയും ക്ലാസ്സെടുത്തു. വി.ടി.മുരളി, ടി.രാധാകൃഷ്ണൻ, മധുസൂദനൻ മലയിൽ, ഡോ.ടി.അപർണ്ണ, ഡോ.കെ.എം. സുഭാഷ്, എ.ചന്ദ്രൻ എന്നിവർ സംസാരിച്ചു.

## രാമവർമ്മ അപ്പൻതമ്പുരാൻ അനുസ്മരണം

2022 നവംബർ 19, അപ്പൻതമ്പുരാൻ സ്മാരകം, അയ്യന്തോൾ

രാമവർമ്മ അപ്പൻതമ്പുരാന്റെ ചരമവാർഷികമായ നവംബർ 19 –ന് അപ്പൻതമ്പുരാൻ വായനശാലയുമായി സഹകരിച്ച് അയ്യന്തോൾ അപ്പൻതമ്പു

രാൻ സ്മാരകത്തിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ ഉദ്ഘാടനംചെയ്തു. ഡോ.സ്വപ്ന സി. കോമ്പാത്ത് 'മുന്നാട്ടുവീരനും കേരളത്തിന്റെ രാഷ്ട്രീയചരിത്രവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഡോ.സി.രാവുണ്ണി അധ്യക്ഷനായ പരിപാടിയിൽ ഈ.ഡി.ഡേവീസ്, എം.ഹരിദാസ്, എ.പി.രാജൻ തുടങ്ങിയവർ സംസാരിച്ചു.

## ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ നൂറാം വാർഷികം– സെമിനാർ

2022 നവംബർ 20, പനമ്പറ്റ ന്യൂ യു.പി.സ്കൂൾ, മാലൂർ, കണ്ണൂർ

കേരള സാഹിത്യ അക്കാദമി, പുരോഗമന കലാസാഹിത്യസംഘം മാലൂർ, ശിവപുരം, കാഞ്ഞിലേരി യൂണിറ്റുകളുടെ സഹകരണത്തോടെ ചണ്ഡാലഭിക്ഷുകി–ദുരവസ്ഥ ശതാബ്ദിവർഷാഘോഷം സംഘടിപ്പിച്ചു. പനമ്പറ്റ ന്യൂ യു.പി.സ്കൂളിൽ നടന്ന ആഘോഷം അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. സാഹിത്യ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ അദ്ധ്യക്ഷനായി. എം.കെ. മനോഹരൻ ആമുഖഭാഷണം നടത്തി. 'ചണ്ഡാലഭിക്ഷുകിയിലെ സ്നേഹസങ്കല്പങ്ങൾ' എന്ന വിഷയത്തിൽ ഡോ.വി.റീജയും, 'പ്രബോധനവും പ്രചാരണവും–ചണ്ഡാലഭിക്ഷുകിയെ മുൻനിർത്തി ഒരു വിചാരം' എന്ന വിഷയത്തിൽ നാരായണൻ കാവുമ്പായിയും സംസാരിച്ചു. വി.ഹൈമവതി, എൻ.കെ. ശ്രീനിവാസൻ, സി.ജനാർദ്ദനൻ, ഇ.നാരായണൻ, രാജൻ പുതുശ്ശേരി, ഒ.കെ.ഭാസ്കരൻ, എം.കെ. വിനോദ് കുമാർ എന്നിവർ സംസാരിച്ചു.

## ടി.വി.കൊച്ചുബാവ അനുസ്മരണസമ്മേളനം– എഴുത്തുദേശം

2022 നവംബർ 26, കാട്ടൂർ, പൊഞ്ഞനം ക്ഷേത്ര മൈതാനം, തൃശൂർ

ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ അധ്യക്ഷത വഹിച്ചു. അശോകൻ ചരുവിൽ ആമുഖഭാഷണം നടത്തി. യു.കെ.കുമാരൻ, ബാലചന്ദ്രൻ വടക്കേടത്ത്, ഡോ.ഖദീജ മുംതാസ്, കെ.രേഖ, ജോർജ്ജ് ജോസഫ് കെ., എം.കെ.ശ്രീകുമാർ, കെ.ഹസ്സൻകോയ എന്നിവർ പ്രഭാഷണങ്ങൾ നടത്തി. ഖാദർ പട്ടേപ്പാടം, കാട്ടൂർ രാമചന്ദ്രൻ, സലീം കടവിൽ, അരുൺ വൻപറമ്പ്, ആന്റണി കൈതാരത്ത് തുടങ്ങിയവർ സംസാരിച്ചു.

## വിജയകുമാർമേനോൻ, ടി.പി.രാജീവൻ, സതീഷ്ബാബു പയ്യന്നൂർ അനുസ്മരണസമ്മേളനം

2022 നവംബർ 29 ചൊവ്വ, അക്കാദമി വൈലോപ്പിള്ളി ഹാൾ

2022 നവംബർ 29 ചൊവ്വാഴ്ച വൈകീട്ട് 4 മണിക്ക് അക്കാദമി വൈലോപ്പിള്ളി ഹാളിൽ സംഘടിപ്പിച്ച വിജയകുമാർമേനോൻ, ടി.പി.രാജീവൻ, സതീഷ്ബാബു പയ്യന്നൂർ എന്നിവരുടെ അനുസ്മരണ സമ്മേളനം അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ഉദ്ഘാടനം നിർവഹിച്ചു. ടി.എൻ.പ്രതാപൻ എം.പി. അധ്യക്ഷത വഹിച്ചു. സി.പി.അബൂബക്കർ സ്വാഗതം പറഞ്ഞു. ഡോ.പി.വി.കൃഷ്ണൻനായർ, എം.പി. സുരേന്ദ്രൻ, ഡോ.പി.സരസ്വതി, എ.സേതുമാധവൻ എന്നിവർ സംസാരിച്ചു.

## ദേശീയപുസ്തകോത്സവം 'ദിശകൾ' സാംസ്കാരികോത്സവം

2022 ഡിസംബർ 2–11, അക്കാദമി അങ്കണം

എഴുത്തിന്റെയും, വായനയുടെയും പുസ്തകങ്ങളുടെയും മഹത്തായ ആഘോഷമാണ് കേരള സാഹിത്യ അക്കാദമി എല്ലാ വർഷവും സംഘടിപ്പിക്കുന്ന ദേശീയ പുസ്തകോത്സവം. ദേശീയ പുസ്തകോത്സവം ഡിസംബർ 2 മുതൽ 11 വരെയുള്ള തീയതികളിൽ അക്കാദമി അങ്കണത്തിൽ നടന്നു. പ്രശസ്ത സാഹിത്യകാരൻ എൻ.എസ്. മാധവനാണ് പുസ്തകോത്സവം ഉദ്ഘാടനം ചെയ്തത്. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ, ടി.എൻ.പ്രതാപൻ എം.പി., തൃശൂർ മേയർ എം.കെ. വർഗ്ഗീസ്, തൃശൂർ ജില്ലാകളക്ടർ ഹരിത വി.കുമാർ, അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, സെക്രട്ടറി സി.പി.അബൂബക്കർ, സംഗീത നാടക അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി എന്നിവർ സംസാരിച്ചു.

പത്ത് ദിവസങ്ങളിലായി നിരവധി സാഹിത്യ സമ്മേളനങ്ങളും പാനൽ ചർച്ചകളും സെമിനാറുകളും കലാമത്സരങ്ങളും കലാപരിപാടികളും കവിയരങ്ങുകളും മുതിർന്ന ഗ്രന്ഥശാലാപ്രവർത്തകർക്കും ആദരവും നടന്നു. സമാപനസമ്മേളനം ഡോ.എം.വി.നാരായണൻ ഉദ്ഘാടനംചെയ്തു. സെക്രട്ടറി സി.പി.അബൂബക്കർ അധ്യക്ഷനായിരുന്നു. പി.കെ.ഡേവിസ്മാസ്റ്റർ, മുരളി ചീരോത്ത്, ഐ.ഷൺമുഖദാസ്, ഇ.എം.സതീശൻ, അഡ്വ. വി.ഡി.പ്രേംപ്രസാദ്, റജി ജോയ്, ഈ.ഡി. ഡേവീസ്, കെ.എസ്.സുനിൽകുമാർ എന്നിവരും സംസാരിച്ചു.

മികച്ച പുസ്തകരൂപകല്പന, മികച്ച സ്റ്റാൾ, മികച്ച പുസ്തകനിർമ്മിതി എന്നീ വിഭാഗങ്ങളിലെ പുരസ്കാരം നേടിയവർക്കും കലാസാംസ്കാരിക മത്സരങ്ങളിലെ വിജയികൾക്കുമുള്ള സമ്മാനങ്ങൾ വിതരണംചെയ്തു.

### സംക്ഷേപവേദാർത്ഥം പ്രസിദ്ധീകരണത്തിന്റെ 250–ാം വാർഷികം

2022 ഡിസംബർ 13, അക്കാദമി വൈലോപ്പിള്ളി ഹാൾ

കേരളനവോത്ഥാനത്തിന്റെ ആദ്യകിരണങ്ങൾ പ്രത്യക്ഷപ്പെട്ടത് സംക്ഷേപവേദാർത്ഥത്തിന്റെ അച്ചടിയിലൂടെയാണ് എന്ന് ഡോ.എം.തോമസ് മാത്യു. മലയാളത്തിൽ ഏറ്റവും ആദ്യ അച്ചടിച്ച പുസ്തകമായ സംക്ഷേപവേദാർത്ഥത്തിന്റെ പ്രസിദ്ധീകരണത്തിന്റെ 250–ാം വാർഷികത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ, വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ, സെക്രട്ടറി സി.പി.അബൂബക്കർ, എ.എച്ച്.സിറാജുദ്ദീൻ എന്നിവർ സംസാരിച്ചു.

### ഗിളിവിണ്ടു ബഹുഭാഷാസമ്മേളനം

2023 ജനുവരി 5–7, മഞ്ചേശ്വരം, കാസർഗോഡ്

കേരള സാഹിത്യ അക്കാദമി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്തു സംഘടിപ്പിച്ച ബഹുഭാഷാസമ്മേളനം ഗിളിവിണ്ടു (കിളിവീട് എന്നർത്ഥം) പ്രാദേശികതയുടെയും വൈവിദ്ധ്യങ്ങളുടെയും ആഘോഷമായി. കേരള സംഗീത നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി, കേരള തുളു അക്കാദമി എന്നിവയുമായി സഹകരിച്ചായിരുന്നു ഈ സംരംഭം. ഗോവിന്ദപൈ സ്മാരകത്തിൽ അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. എ.കെ.എം.അഷ്റഫ് എം.എൽ.എ. അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ ഗോവിന്ദപൈ സ്മാരകട്രസ്റ്റ് അംഗവും എഴുത്തുകാരനുമായ ഡോ.ചിന്നപ്പ ഗൗഡ, ഡോ.ഇ.വി.രാമകൃഷ്ണൻ, അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ, ഇ.പി.രാജഗോപാലൻ, എം.കെ.മനോഹരൻ, രാവുണ്ണി, ജീൻ ലെവിന, കെ.വി.കുഞ്ഞിരാമൻ, ഡോ.എം.എം.ശ്രീധരൻ, കെ.ആർ.ജയാനന്ദ, ഡി.കമലാക്ഷ എന്നിവർ സംസാരിച്ചു.

### കെ. പി. കായലാട് അനുസ്മരണം, പുരസ്കാരസമർപ്പണം, ജനകീയശാസ്ത്രസെമിനാർ

2023 ജനുവരി 7, മേപ്പയൂർ, കോഴിക്കോട്

കെ.പി.കായലാട് ട്രസ്റ്റ്, പുരോഗമന കലാസാഹിത്യസംഘം മേപ്പയൂർ എന്നിവയുടെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച കെ.പി.കായലാട് അനുസ്മരണം ഡോ. സുനിൽ പി.ഇളയിടം ഉദ്ഘാടനംചെയ്തു. സാഹിത്യ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, കെ.ടി.രാജൻ, കെ.കുഞ്ഞിരാമൻ, കെ.രാജീവൻ, പി.പി.രാധാകൃഷ്ണൻ, സുരേഷ് കല്പത്തൂർ, ടി.എം.ബാലകൃഷ്ണൻ, കെ.രതീഷ്, എൻ.രാമദാസ് എന്നിവർ സംസാരിച്ചു. അനുസ്മരണത്തിന്റെ ഭാഗമായ ജനകീയശാസ്ത്രസെമിനാറിൽ കെ.പാപ്പൂട്ടി, ടി.പി.കുഞ്ഞിക്കണ്ണൻ, പി.എം.ഗീത, എം.സി. അനൂപ്, പി.കെ.ഷിംജിത്ത്, എം.എം.കുഞ്ഞിരാമൻ എന്നിവർ സംസാരിച്ചു.

### സി. വി. രാമൻപിള്ള 100–ാം ചരമവാർഷികം

2023 ജനുവരി 17, കാര്യവട്ടം ക്യാമ്പസ്, തിരുവനന്തപുരം

മാനകഭാഷയുടെ അധീശത്വത്തെ പ്രയോഗത്തിലൂടെ ചോദ്യംചെയ്ത സി.വി.യുടെ പ്രവർത്തനം ഒരു രാഷ്ട്രീയനിയോഗം കൂടിയാണെന്ന് സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ. സി.വി. രാമൻപിള്ളയുടെ നൂറാംചരമവാർഷികത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി, കേരള സർവ്വകലാശാല കാര്യവട്ടം കാമ്പസിലെ മലയാളവിഭാഗത്തിൽ സംഘടിപ്പിച്ച 'സി.വി.:നൂറ്റാണ്ടിന്റെ വായനകൾ' എന്ന ഏകദിന ദേശീയ സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡോ.ജോർജ്ജ് ഓണക്കൂർ, ഡോ.കെ.എസ്.രവികുമാർ, അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, സീമാ ജെറോം, വി.എസ്.ബിന്ദു, ഡോ.ഷീബ എം.കുര്യൻ, ഡോ.കെ.കെ.ശിവദാസ്, ഇ.പി.രാജഗോപാലൻ എന്നിവർ സംസാരിച്ചു. തുടർന്ന് അർജുൻ ഗോപാൽ സാക്ഷാത്കരിച്ച നാടകം 'സിംഹാരവം ഘോരാരവം' അരങ്ങേറി.

### എഴുത്തച്ഛൻ പുരസ്കാരം 2022

2023 ജനുവരി 21, കൊച്ചി കോർപ്പറേഷൻ ടൗൺ ഹാൾ, എറണാകുളം

ഭാഷാപിതാവിന്റെ പേരിലുള്ള കേരള സർക്കാരിന്റെ പരമോന്നത സാഹിത്യ ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം 2023 ജനുവരി 21 ശനിയാഴ്ച എറണാകുളം, കൊച്ചി കോർപ്പറേഷൻ ടൗൺ ഹാളിൽവെച്ച് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ, പ്രശസ്ത കഥാകൃത്തും നോവലിസ്റ്റുമായ സേതുവിന് സമർപ്പിച്ചു. സമ്മേളനത്തിൽ ബഹു. സാംസ്കാരിക മത്സ്യബന്ധന, യുവജനകാര്യ വകുപ്പുമന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. ബഹു. നിയമ, വ്യവസായ, കയർ വികസന വകുപ്പുമന്ത്രി പി.രാജീവ് മുഖ്യാതിഥിയായി.

റാണി ജോർജ്ജ് ഐ.എ.എസ്., സച്ചിദാനന്ദൻ, ഡോ. വി.പി.ജോയ്, ഹൈബി ഈഡൻ എം.പി., ടി.ജെ. വിനോദ് എം.എൽ.എ. എന്നിവർ സംസാരിച്ചു.

### സുകുമാർ അഴീക്കോട് അനുസ്മരണവും, നവീകരിച്ച സുകുമാർ അഴീക്കോട് സ്മാരക ഉദ്ഘാടനവും

2023 ജനുവരി 24, എരവിമംഗലം, തൃശൂർ

സുകുമാർ അഴീക്കോടിന്റെ സ്മരണക്കായി എല്ലാ വർഷവും ഏഴു ദിവസം നീളുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കുമെന്ന് സാംസ്കാരിക വകുപ്പുമന്ത്രി സജി ചെറിയാൻ. അടുത്ത വർഷം മുതൽ ഇതിനു തുടക്കം കുറിക്കും. തൃശൂർ എരവിമംഗലത്ത് നവീകരിച്ച സുകുമാർ അഴീക്കോട് സ്മാരകം നാടിനു സമർപ്പിച്ചുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ, ജില്ലാകളക്ടർ ഹരിത വി.കുമാർ, അശോകൻ ചരുവിൽ, സി.പി.അബൂബക്കർ, വൈശാഖൻ, പി.വി.കൃഷ്ണൻനായർ, രാവുണ്ണി, കരിവെള്ളൂർ മുരളി, കെ.വി.സജു, ബിജു ജോസഫ്, ശ്രീവിദ്യ രാജേഷ് തുടങ്ങിയവർ സംസാരിച്ചു.

### വി.കെ.എൻ. അനുസ്മരണം

2023 ജനുവരി 25, വി.കെ.എൻ. സ്മാരകം, തിരുവില്വാമല

വി.കെ.എൻ. അനുസ്മരണം ഉദ്ഘാടനവും പ്രഭാഷണവും എം.എം.നാരായണൻ നിർവഹിച്ചു. അശോകൻ ചരുവിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് സ്കൂൾ കഥാരചന മത്സരവിജയികൾക്കുള്ള സമ്മാനസമർപ്പണം ഡോ.സി.രാവുണ്ണി നിർവഹിച്ചു. കെ.പത്മജ, ദീപു എസ്.നായർ, സിന്ധു സുരേഷ്, കെ.ബാലകൃഷ്ണൻ, കെ.രാംകുമാർ എന്നിവർ സംസാരിച്ചു.

### മഹാത്മാഗാന്ധി: രക്തസാക്ഷിത്വത്തിന്റെ 75 വർഷം

2023 ജനുവരി 26–30, അക്കാദമി ഓഡിറ്റോറിയം, തൃശൂർ

വീണ്ടെടുപ്പ്, പഞ്ചദിന പ്രഭാഷണപരമ്പരയിൽ ഒന്നാംദിവസം അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ പ്രഭാഷണം നിർവഹിച്ചു. സി.രാവുണ്ണി അധ്യക്ഷത വഹിച്ച ചടങ്ങിൽ ടി.സത്യനാരായണൻ, സി. വിമല തുടങ്ങിയവർ പങ്കെടുത്തു. രണ്ടാംദിവസം ടി.വി.മധു പ്രഭാഷണം നിർവഹിച്ചു. ടി.ജി.അജിത അദ്ധ്യക്ഷത നിർവ്വഹിച്ച ചടങ്ങിൽ ശ്രീലതാവർമ്മ, എം.ജി.ജയശ്രീ എന്നിവർ പങ്കെടുത്തു. മൂന്നാം ദിവസം സുനിൽ പി.ഇളയിടം പ്രഭാഷണം നിർവഹിച്ചു. അശോകൻ ചരുവിൽ അധ്യക്ഷനായ ചടങ്ങിൽ കെ.വി.മധുസൂദനൻ, വിജയരാജമല്ലിക എന്നിവർ പങ്കെടുത്തു. നാലാംദിവസത്തിലെ സുനിൽ പി. ഇളയിടത്തിന്റെ പ്രഭാഷണത്തിന് വി.എസ്.ഗിരീശൻ അധ്യക്ഷത നിർവഹിച്ചു. മാത്യു ആൻഡ്രൂസ്, പി.യു.മൈത്രി എന്നിവർ പങ്കെടുത്തു. അഞ്ചാംദിവസത്തെ സുനിൽ പി. ഇളയിടത്തിന്റെ പ്രഭാഷണത്തിൽ വി.ജി.ഗോപാലകൃഷ്ണൻ അധ്യക്ഷനായി. കെ.ആർ.ചാർളി, അർച്ചന കെ.എം. എന്നിവർ പങ്കെടുത്തു.

### തുഞ്ചൻ ഉത്സവം സെമിനാർ: ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി ശതാബ്ദി

2023 ഫെബ്രുവരി 17, തുഞ്ചൻപറമ്പ്, തിരൂർ

രാവിലെ സെഷൻ ഒന്നിൽ അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ ഉദ്ഘാടനം നിർവഹിച്ചു. പി.കെ.ഗോപി അധ്യക്ഷത നിർവഹിച്ചു. മിനി പ്രസാദ്, വീരാൻകുട്ടി എന്നിവർ പ്രഭാഷണങ്ങൾ നടത്തി. ഉച്ചതിരിഞ്ഞുള്ള സെഷൻ രണ്ടിൽ ഷംസാദ് ഹുസൈൻ, ഡി.അനിൽകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

### ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ: നീതിബോധവും ലാവണ്യചിന്തയും ശതാബ്ദിസെമിനാർ

2023 ഫെബ്രുവരി 19, മദിരാശി കേരളസമാജം, ചെന്നൈ

രാവിലെ നടന്ന ഉദ്ഘാടനസമ്മേളനം അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. എം.ശിവദാസൻപിള്ള അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി സി.പി.അബൂബക്കർ ആമുഖപ്രഭാഷണം നടത്തി. പി.കെ.എൻ.പണിക്കർ, ഗോകുലം ഗോപാലൻ, വി.എം.ദേവദാസ്, റെജി എബ്രഹാം, കെ.വി.വി.മോഹനൻ, ഡോ.സി.കെ. രതി, ടി.അനന്തൻ, കെ.മാത്യു, ടി.കെ.അബ്ദുൾ നാസർ, കുമ്പളങ്ങാട് ഉണ്ണികൃഷ്ണൻ, എം.പി. അൻവർ, പ്രീമിയർ ജനാർദ്ദനൻ എന്നിവർ ആശംസകൾ അറിയിച്ചു. ഉച്ചതിരിഞ്ഞ് നടന്ന സെമിനാറിൽ അശോകൻ ചരുവിൽ, കെ.ഇ.എൻ., ഡോ.എ.സി. സുഹാസിനി എന്നിവർ പ്രഭാഷണങ്ങൾ നടത്തിയപ്പോൾ ഡോ.പി.എം.ഗിരീഷ് അദ്ധ്യക്ഷത വഹിച്ചു.

### മലയാളനോവൽ: പുതിയ ദേശാഖ്യാനങ്ങൾ ഏകദിന സെമിനാർ

2023 ഫെബ്രുവരി 26, രവീന്ദ്രഭവൻ, മർഗാവ്, ഗോവ

അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ ഉദ്ഘാടനംചെയ്ത സമ്മേളനത്തിന് അസുര

മംഗലം വിജയകുമാർ അദ്ധ്യക്ഷനായി. വിനോദ് കോടിയാട്ട്, ഇ.പി.അനിൽകുമാർ, ലക്ഷ്മണൻ കസ്തൂരി എന്നിവർ സംസാരിച്ചു. കണക്കൂർ സുരേഷ്കുമാർ അദ്ധ്യക്ഷനായ സെമിനാർ സെഷനിൽ ഇ.പി.രാജഗോപാലൻ, ഡോ.എം.എ.സിദ്ദിഖ്, രാജേശ്വരി ജി.നായർ എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

## വാക്ക്: ചരിത്രത്തിൽ, വ്യവഹാരങ്ങളിൽ

2023 മാർച്ച് 7, ഫാറൂഖ് കോളേജ്, കോഴിക്കോട്

കോഴിക്കോട് ഫാറൂഖ് കോളേജിന്റെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച വാക്ക്: ചരിത്രത്തിൽ, വ്യവഹാരങ്ങളിൽ ഏകദിനസെമിനാർ ഡോ.സി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സി.പി.അബൂബക്കർ അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടനസമ്മേളനത്തിൽ ഡോ.കെ.എം.നസീർ മുഖ്യപ്രഭാഷണം നിർവ്വഹിച്ചപ്പോൾ അസീസ് തരുവണ സ്വാഗതം പറഞ്ഞു. ഉച്ചതിരിഞ്ഞ് 'നിഘണ്ടു: ചരിത്രവും പ്രവർത്തനവും' എന്ന വിഷയത്തിൽ ഇ.പി.രാജഗോപാലനും 'വാക്കും സ്ത്രീവാദവും' എന്ന വിഷയത്തിൽ ഡോ.ടി.വി.സുനീതയും 'വാക്കും സർഗാത്മകതയും' എന്ന വിഷയത്തിൽ ഡോ.എൻ.വി.മുഹമ്മദ് റാഫിയും പ്രഭാഷണങ്ങൾ നടത്തി. തുടർന്ന് വാക്കിനെക്കുറിച്ചുള്ള മലയാളകവിതകളുടെ അവതരണവും ചർച്ചയും നടന്നു. ഡോ.ടി.മൻസൂറലി നന്ദി പറഞ്ഞു.

## 'ചെ.പ്പു.കോ.വെ'– ജില്ലാ ഭരണകൂടം – ജില്ലാ ആസൂത്രണസമിതി സാംസ്കാരികോത്സവം

2023 മാർച്ച് 17, കെ.ടി.മുഹമ്മദ് സ്മാരക റീജിയണൽ തീയറ്റർ

പതിനാലാംപഞ്ചവത്സരപദ്ധതി 2022–23 ജില്ലാ പദ്ധതിയായ സാംസ്കാരികം പദ്ധതിയുടെ ഭാഗ്യമായി ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ പ്ലാനിംഗ് ഓഫീസിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ സാംസ്കാരികസ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിച്ച സാംസ്കാരികോത്സവം പരിപാടിയിൽ അക്കാദമിയുടെ നേതൃത്വത്തിൽ എട്ട് കവികളെ പങ്കെടുപ്പിച്ചുകൊണ്ട് കവിയരങ്ങ് സംഘടിപ്പിച്ചു. ഡോ.സി.രാവുണ്ണി, സെബാസ്റ്റ്യൻ, ഇ.സന്ധ്യ, വർഗ്ഗീസാന്റണി, ബക്കർ മേത്തല, സുനിൽ മുക്കാട്ടുകര, വിജയരാജമല്ലിക, ഡോ.എൻ. ദിവ്യ എന്നീ കവികൾ പങ്കെടുത്തു.

## ലോകകവിതാദിനം – കവിസംഗമം: ലോകകവിതകളുടെ അവതരണം

2023 മാർച്ച് 21, അക്കാദമി വൈലോപ്പിള്ളി ഹാൾ

ലോകകവിതാദിനത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച കവിസംഗമം: ലോകകവിതകളുടെ അവതരണം, കവിതാപരിഭാഷകരുടെ സംഗമംകൊണ്ട് ശ്രദ്ധേയമായി. സച്ചിദാനന്ദൻ, സച്ചിദാനന്ദൻ പുഴങ്കര, അൻവർ അലി, ആശാലത, ഡോ.ഐറീസ് കൊയ്‌ലോ, ഡോ.രോഷ്നി സ്വപ്ന, സുജീഷ്, സി.പി.അബൂബക്കർ എന്നീ കവികൾ കവിതകൾ അവതരിപ്പിച്ചു.

## കുഞ്ഞുണ്ണിമാഷ് അനുസ്മരണം

2023 മാർച്ച് 26, വലപ്പാട് ഗ്രാമപഞ്ചായത്ത് കഴിമ്പ്രം വിജയൻ സ്മാരകവേദി

രാവിലെ 10 മണിക്ക് വലപ്പാട് കുഞ്ഞുണ്ണിമാഷ് സ്മാരകത്തിൽ പുഷ്പാർച്ചന നടന്നു. വൈകീട്ട് നാല് മണിക്ക് വലപ്പാട് ചന്തപ്പടി കഴിമ്പ്രം വിജയൻ സ്മാരകവേദിയിൽ നടന്ന അനുസ്മരണസമ്മേളനം സി.സി.മുകുന്ദൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഷിനിത ആഷിക് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ആലങ്കോട് ലീലാകൃഷ്ണൻ അനുസ്മരണപ്രഭാഷണം നടത്തി. ഗീതാഗോപി, കെ.സി.പ്രസാദ്, എം.ആർ.ദിനേശൻ, വി.ആർ.ജിത്ത്, ഇ.പി.അജയഘോഷ്, രശ്മി ഷിജോ, വി.ആർ.ബാബു എന്നിവർ പങ്കെടുത്തു. വൈകീട്ട് 5 മണിക്ക് നടന്ന 'സിനിമയും ലിംഗനീതിയും' സെമിനാറിൽ ജി.പി.രാമചന്ദ്രൻ, ഡോ.ശ്രീദേവി പി.അരവിന്ദ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. പി.സലിംരാജ് സ്വാഗതം പറഞ്ഞ സെമിനാറിന് ഇ.കെ.തോമസ് മാസ്റ്റർ നന്ദി പറഞ്ഞു. തുടർന്ന് തൃശൂർ രംഗചേതനയുടെ 'സ്വതന്ത്ര' നാടകത്തിന്റെ അവതരണവും നടന്നു.

## പുസ്തകപ്രകാശനം ഹോർത്തൂസ് മലബാറിക്കൂസ് പ്രവേശിക

2023 മാർച്ച് 29, അക്കാദമി വൈലോപ്പിള്ളി ഹാൾ

അക്കാദമി പുറത്തിറക്കിയ ഡോ.ബി.ഇക്ബാലിന്റെ ഹോർത്തൂസ് മലബാറിക്കൂസ് പ്രവേശിക എന്ന പുസ്തകത്തിന്റെ പ്രകാശനം നടന്നു. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ അധ്യക്ഷനായ ചടങ്ങിൽ ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുംമേൽ പുസ്തകപ്രകാശനം നടത്തി. ഡോ.സുരേഖ വൈ പവ്വാർ പുസ്തകസ്വീകരണം നിർവഹിച്ചപ്പോൾ ഡോ.കാവുമ്പായി ബാലകൃഷ്ണൻ പുസ്തകം പരിചയപ്പെടുത്തി. ഡോ.വി.രാമൻകുട്ടി, ടി.കെ.മീരാഭായി, ജൂന പി.എസ്., ഡോ.ബി.ഇക്ബാൽ എന്നിവർ പങ്കെടുത്തു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ സ്വാഗതവും കെ.എച്ച്.ഹാജു നന്ദിയും പറഞ്ഞു.

# സാഹിത്യ അക്കാദമി അവാർഡുകൾ

**വിശിഷ്ടാംഗത്വം**

1. **ഡോ.എം.എം.ബഷീർ**
2. **എൻ.പ്രഭാകരൻ**

(50,000 രൂപയും രണ്ടു പവന്റെ സ്വർണ്ണപ്പതക്കവും പ്രശസ്തിപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**സമഗ്രസംഭാവനാപുരസ്കാരം**

1. **ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി**
2. **ഡോ.പള്ളിപ്പുറം മുരളി**
3. **ജോൺ സാമുവൽ**
4. **കെ.പി.സുധീര**
5. **ഡോ.രതി സക്സേന**
6. **ഡോ.പി.കെ.സുകുമാരൻ**

(30,000 രൂപയും സാക്ഷ്യപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**അക്കാദമി അവാർഡുകൾ**

(25,000 രൂപയും സാക്ഷ്യപത്രവും ഫലകവുമാണ് പുരസ്കാരം.)

| | | | |
|---|---|---|---|
| 1. | **നോവൽ** | സമ്പർക്കക്രാന്തി | **വി.ഷിനിലാൽ** |
| 2. | **കവിത** | കടലാസുവിദ്യ | **എൻ.ജി.ഉണ്ണികൃഷ്ണൻ** |
| 3. | **നാടകം** | കുമരു | **എമിൽ മാധവി** |
| 4. | **ചെറുകഥ** | മുഴക്കം | **പി.എഫ്.മാത്യൂസ്** |
| 5. | **സാഹിത്യവിമർശനം** | എത്രയെത്ര പ്രേരണകൾ | **ഡോ.എസ്.ശാരദക്കുട്ടി** |
| 6. | **വൈജ്ഞാനികസാഹിത്യം** | ഭാഷാസൂത്രണം: പൊരുളും വഴികളും | **സി.എം.മുരളീധരൻ** |
| 7. | **വൈജ്ഞാനികസാഹിത്യം** | മലയാളി ഒരു ജനിതകവായന | **കെ.സേതുരാമൻ** ഐ.പി.എസ്. |
| 8. | **ജീവചരിത്രം/ആത്മകഥ** | ന്യൂസ് റൂം | **ബി.ആർ.പി.ഭാസ്കർ** |
| 9. | **യാത്രാവിവരണം** | ദക്ഷിണാഫ്രിക്കൻ യാത്രാപുസ്തകം | **സി.അനൂപ്** |
| 10. | **യാത്രാവിവരണം** | മുറിവേറ്റവരുടെ പാതകൾ | **ഹരിത സാവിത്രി** |
| 11. | **വിവർത്തനം** | ബോദ്‌ലേർ 1821–2021 | **വി.രവികുമാർ** |
| 12. | **ബാലസാഹിത്യം** | ചക്കരമാമ്പഴം | **ഡോ.കെ.ശ്രീകുമാർ** |
| 13. | **ഹാസസാഹിത്യം** | ഒരു കുമരകംകാരന്റെ കുരുത്തംകെട്ട ലിഖിതങ്ങൾ | **ജയന്ത് കാമിച്ചേരിൽ** |

## അക്കാദമി എന്റോവ്മെന്റ് അവാർഡുകൾ

1. **ഐ. സി. ചാക്കോ അവാർഡ് –** ഭാഷാപഠനം (5000രൂപ)

| | |
|---|---|
| സൗന്ദര്യവും രാഷ്ട്രീയവും | **ഡോ. പി. പി. പ്രകാശൻ** |

2. **സി. ബി. കുമാർ അവാർഡ് –** ഉപന്യാസം (3000 രൂപ)

| | |
|---|---|
| തിരഞ്ഞെടുത്ത ലേഖനങ്ങൾ | **ഡോ. ജി. ബി. മോഹൻതമ്പി** |

3. **കെ. ആർ. നമ്പൂതിരി അവാർഡ് –** വൈദികസാഹിത്യം (2000 രൂപ)

| | |
|---|---|
| ഹൃദയം തൊട്ടത് | **ഷൗക്കത്ത്** |

4. **കനകശ്രീ അവാർഡ് –** കവിത (2000 രൂപ)

| | |
|---|---|
| സിൽക്ക് റൂട്ട് | **അലീന** |

5. **ഗീതാഹിരണ്യൻ അവാർഡ് –**ചെറുകഥാസമാഹാരം (5000 രൂപ)

| | |
|---|---|
| നീലച്ചടയൻ | **അഖിൽ കെ.** |

6. **ജി. എൻ. പിള്ള അവാർഡ് –** വൈജ്ഞാനികസാഹിത്യം (3000 രൂപ)

| | |
|---|---|
| അടിമകേരളത്തിന്റെ അദൃശ്യചരിത്രം | **വിനിൽ പോൾ** |

7. **കുറ്റിപ്പുഴ അവാർഡ് –**സാഹിത്യവിമർശനം (2000 രൂപ)

| | |
|---|---|
| കോളനിയനന്തരവാദം സംസ്കാരപഠനവും സൗന്ദര്യശാസ്ത്രവും | **പി. പവിത്രൻ** |

8. **തുഞ്ചൻസ്മാരക പ്രബന്ധമത്സരം** (5,000 രൂപ) — **വി. കെ. അനിൽകുമാർ**

9. **2020 – ലെ വിലാസിനി അവാർഡ്** (5000രൂപ)

| | |
|---|---|
| വൈക്കം മുഹമ്മദ് ബഷീർ: സർഗാത്മകതയുടെ നീലവെളിച്ചം | **ഡോ. പി. കെ. പോക്കർ** |

10. **2022 – ലെ പ്രൊഫ. എം. അച്യുതൻ സ്മാരക എൻഡോവ്മെന്റ് അവാർഡ് –** (5000രൂപ)

| | |
|---|---|
| ജാതിരൂപകങ്ങൾ: മലയാളാധുനികതയെ വായിക്കുമ്പോൾ | **സജീവ് പി. വി.** |

# പ്രസിദ്ധീകരണവിഭാഗം

മലയാളഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും പരിപോഷിപ്പിക്കുന്നതിനുള്ള ക്രിയാത്മകപദ്ധതിയാണ് കേരള സാഹിത്യ അക്കാദമിക്ക് പുസ്തകപ്രസിദ്ധീകരണം. അതിൽ വൈജ്ഞാനികസാഹിത്യത്തിനാണ് കൂടുതൽ ഊന്നൽ. മഹാഗ്രന്ഥങ്ങൾ സ്വന്തമാക്കുന്നതിന് അക്ഷരസ്നേഹികൾക്ക് ആശ്രയിക്കാവുന്ന ഒരിടമായി അക്കാദമി മാറിക്കഴിഞ്ഞിട്ടുണ്ട്. പ്രസാധനരംഗത്ത് ഈ വർഷവും ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ സാധിച്ചിട്ടുണ്ട്. ആകർഷകവും അർത്ഥപൂർണവുമായ അനവധി പുസ്തകങ്ങൾ പ്രസാധനംചെയ്യാനും വായനക്കാരിലേക്കെത്തിക്കാനും അക്കാദമി വലിയ ശ്രമങ്ങൾ നടത്തി.

മലയാണ്മയുടെ ഈടുവെപ്പുകളായി മാറിക്കഴിഞ്ഞ ക്ലാസിക്കുകൾമുതൽ ഏറ്റവും പുതിയ കാലത്തിന്റെ ധൈഷണികമുദ്രകൾ പതിഞ്ഞ ഗവേഷണപഠനങ്ങൾവരെ അക്കാദമി ഇക്കാലയളവിൽ പ്രസിദ്ധീകരിച്ചു. വൈജ്ഞാനികസാഹിത്യം, സർഗാത്മകസാഹിത്യം, സാഹിത്യചരിത്രം, സാംസ്കാരികവിമർശനം, വിവർത്തനം, വ്യാകരണം, ഭാഷാശാസ്ത്രം, നിഘണ്ടു, ഉപന്യാസങ്ങൾ എന്നിങ്ങനെ വിവിധ ശാഖകളിൽപെട്ട പുസ്തകങ്ങളാണ് അക്കാദമി സഹൃദയർക്ക് ലഭ്യമാക്കിയത്. മറ്റ് പ്രസാധകർ ഏറ്റെടുക്കാൻ മടിക്കുന്നതും മലയാളസംസ്കൃതിയുടെ മുന്നോട്ടുപോക്കിന് അനിവാര്യവുമായ ഗ്രന്ഥങ്ങൾ കച്ചവടലാഭമോ, വിപണിതാല്പര്യമോ പരിഗണിക്കാതെ അക്കാദമി പ്രസാധനം ചെയ്തുവരുന്നു. മാതൃഭാഷ-ഭരണ ഭാഷ എന്ന ക്യാമ്പയിനിൽ ഇടപെട്ട് അക്കാദമി ഊർജസ്വലമായി പ്രവർത്തിച്ചുവരുന്നതും എടുത്തുപറയേണ്ടതാണ്.

നവോത്ഥാനമൂല്യങ്ങളും സാമൂഹ്യനീതിയെപ്പറ്റിയുള്ള ആധുനികസങ്കല്പങ്ങളും സഹിഷ്ണുതയുടെ സംസ്കാരവും ജനാധിപത്യവത്കരണത്തിന്റെ നവീനപ്രശ്നങ്ങളുമെല്ലാം ഉയർത്തിപ്പിടിക്കുന്ന പുരോഗമനചിന്താധാരകൾക്ക് മുന്നോട്ടു പോകുന്നതിന് പുതിയ കൈവഴികൾ വെട്ടിത്തുറക്കുക എന്ന ദൗത്യം പ്രതിജ്ഞാബദ്ധതയോടെ അക്കാദമി നിറവേറ്റിവരുന്നു. കേരളീയകലകളുടെ അതിജീവനത്തിനുതകുന്ന പഠനങ്ങൾക്കും പ്രാധാന്യം നൽകുന്നു. ആശയസംവാദങ്ങളുടെയും സർഗാവിഷ്കാരങ്ങളുടെയും ഭൂമികയിൽ പുത്തൻ പൊടിപ്പുകൾ സാധ്യമാക്കുന്നതിന് അക്കാദമി ശ്രദ്ധിച്ചിട്ടുണ്ട്. സാഹിത്യവിദ്യാർത്ഥികൾക്കും അക്ഷരസ്നേഹികൾക്കും ഉപരിപഠനത്തിനുതകുന്നതും അക്കാദമികമായ അവബോധം നൽകുന്നതുമായ അപൂർവ്വഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിലൂടെ നിശ്ശബ്ദമായ ഭാഷാസേവനമാണ് അക്കാദമി നിർവഹിച്ചുവരുന്നത്.

## 2022-23-ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

| | | |
|---|---|---|
| 1 നിലവിളക്കിന് മതമില്ല | - | വി.എച്ച്.ദിരാർ |
| 2. ആത്മബലിയുടെ ആവിഷ്കാരം | - | എൻ.രാധാകൃഷ്ണൻനായർ |
| 3. വക്രോക്തിഭാഷ | - | രാജാനകകുന്തകൻ, പരിഭാഷ: ഡോ.ടി.ഭാസ്കരൻ |
| 4. ക്ലാസിക്കൽ മലയാളം | - | ഡോ.കെ.സുഗതൻ |
| 5. ചരിത്രനോവൽ മലയാളത്തിൽ | - | കല്പറ്റ ബാലകൃഷ്ണൻ |
| 6. കല, ഭാഷയും തത്ത്വവും | - | വിജയകുമാർമേനോൻ |
| 7. വിയോജനക്കുറിപ്പുകൾ | - | കെ.എം.നരേന്ദ്രൻ |
| 8 പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളം (ആറാംപതിപ്പ്) | - | പി.ഭാസ്കരനുണ്ണി |
| 9 സി.ജെ.യുടെലേഖനങ്ങൾ(രണ്ടാംപതിപ്പ്) | - | സി.ജെ.തോമസ് |
| 10. മേഘസന്ദേശം (രണ്ടാംപതിപ്പ്) | - | കാളിദാസൻ, പരിഭാഷ: മാധവൻ അയ്യപ്പത്ത്, കെ.കെ.യതീന്ദ്രൻ |
| 11. കലാലോകം (മൂന്നാംപതിപ്പ്) | - | കെ.പി.നാരായണപിഷാരടി |
| 12. മധ്യമാവതി | - | ആർ.വിശ്വനാഥൻ, എഡിറ്റർ: ഡോ.സി.രാജേന്ദ്രൻ |
| 13. ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും(രണ്ടാംപതിപ്പ്) | - | ടി.കെ.അനിൽകുമാർ |

# പുസ്തകവില്പനവിഭാഗം

2022–2023 സാമ്പത്തികവർഷത്തിൽ വില്പനശാല വഴി **39,27,630**/–രൂപ മുഖവിലയുള്ള പുസ്തകങ്ങൾ വില്പന നടത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ അക്കാദമി സംഘടിപ്പിച്ചതും പങ്കെടുത്തതുമായ പുസ്തകപ്രദർശനത്തിൽ **23,94,739**/–രൂപ മുഖ വിലയുള്ള പുസ്തകങ്ങളും വില്പന നടത്തിയിട്ടുണ്ട്. മൊത്തം വില്പന **63,22,369/–** രൂപയാണ്. പുസ്തകപ്രദർശനം നടന്ന സ്ഥലങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം.

| | | |
|---|---|---|
| 1. | 24–ാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം<br>എറണാകുളത്തപ്പൻ ഗ്രൗണ്ട് | 1,51,101.00 |
| 2. | എന്റെ കേരളം 2022, കേരള ഗവൺമെന്റിന്റെ ഒന്നാംവാർഷികം<br>പുസ്തകോത്സവം, തേക്കിൻകാട് മൈതാനം | 16,904.00 |
| 3. | പൂരം പുസ്തകോത്സവം 2022, അക്കാദമി വൈലോപ്പിള്ളി ഹാൾ | 2,12,374.00 |
| 4. | തുഞ്ചൻ ഉത്സവം 2022, തിരൂർ തുഞ്ചൻപറമ്പ് | 37,675.00 |
| 5. | സമം–സ്ത്രീസമത്വത്തിനായി സാംസ്കാരികമുന്നേറ്റം<br>അക്കാദമി ഓഡിറ്റോറിയം | 4,492.00 |
| 6. | ശ്രീകൃഷ്ണ കോളേജ് എക്സിബിഷൻ 2022, ഗുരുവായൂർ | 5,301.00 |
| 7. | എറണാകുളം ലൈബ്രറി കൗൺസിൽ എക്സിബിഷൻ 2022<br>യു.സി.കോളേജ്, ആലുവ | 67,194.00 |
| 8. | പാലക്കാട് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം 2022<br>പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 76,724.00 |
| 9. | തൃശൂർ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം 2022<br>എസ്.എൻ. ഹൈസ്കൂൾ, കണിമംഗലം | 85,010.00 |
| 10. | കണ്ണൂർ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം 2022<br>കണ്ണൂർ കലക്ടറേറ്റ് മൈതാനം | 1,31,910.00 |
| 11. | കോഴിക്കോട് ലൈബ്രറി കൗൺസിൽ പുസ്തകോത്സവം 2022<br>ഇ.എം.എസ്. സ്റ്റേഡിയം, കോഴിക്കോട് | 72,942.00 |
| 12. | തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല 10–ാംവാർഷികം<br>ഓർച്ച 2022, മലയാളം സർവ്വകലാശാല, തിരൂർ | 12,025.00 |
| 13. | 66–ാമത് വാർഷികാഘോഷം 2022, അക്കാദമി ഓഡിറ്റോറിയം | 14,221.00 |
| 14. | ദേശീയ പുസ്തകോത്സവം 2022, ദിശകൾ, അക്കാദമി കാമ്പസ് | 3,02,498.00 |
| 15. | ഇന്ത്യൻ ലൈബ്രറി കോൺഗ്രസ് അന്താരാഷ്ട്ര പുസ്തകോത്സവം 2023<br>കളക്ടറേറ്റ് മൈതാനം, കണ്ണൂർ | 72,956.00 |
| 16. | കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം 2023<br>നിയമസഭാമന്ദിരം | 2,81,183.00 |
| 17. | തുഞ്ചൻ ഉത്സവം 2023, തുഞ്ചൻ പറമ്പ്, തിരൂർ | 51,700.00 |
| | **ആകെ** | **15,96,210.00** |

# അപ്പൻതമ്പുരാൻ സ്മാരകം

കൊച്ചി രാജവംശത്തിലെ കൈരളീവിധേയൻ രാമവർമ്മ അപ്പൻതമ്പുരാന്റെ സ്മരണകൾ നിറഞ്ഞ അപ്പൻതമ്പുരാൻ സ്മാരകം സാഹിത്യകാരമ്യൂസിയമായി പ്രവർത്തിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് ഒരു ആനുകാലിക ലൈബ്രറിയും പ്രവർത്തിക്കുന്നു. അപ്പൻതമ്പുരാന്റെ കൃതികൾ, ഫോട്ടോശേഖരണം, കേരളചരിത്രനിർമ്മാണത്തിനായി സ്വയംവരച്ച മാപ്പുകൾ, അവ വരയ്ക്കാനുപയോഗിച്ച പെന്റോഗ്രാഫ്(സ്വയം നിർമ്മിതം), ഡയറി, പഴഞ്ചൊല്ലുകളുടെ ശേഖരണം, രാജകീയ വസ്ത്രങ്ങൾ എന്നിവ ഇവിടെ സാംസ്കാരിക ത്തനിമ നിലനിർത്തി സൂക്ഷിച്ചുവരുന്നു.

ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള, പുത്തൻകാവ് മാത്തൻ തരകൻ, ജി.കുമാരപിള്ള, വിലാസിനി എന്നിവരുടെ സ്വകാര്യശേഖരങ്ങളും സ്മാരകത്തിൽ സൂക്ഷിച്ചുവരുന്നു. മൺമറഞ്ഞ പ്രഗല്ഭരായ സാഹിത്യകാരന്മാരുടെ കൈപ്പടകൾ ശേഖരിച്ചു സൂക്ഷിച്ചുവെയ്ക്കുന്ന ജോലിയും തുടർന്നുവരുന്നു. ഈ വർഷം 139 പേർ സ്മാരകം സന്ദർശിക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സന്ദർശകരജിസ്റ്ററിൽ കുറിച്ചിടുകയും ചെയ്തിട്ടുണ്ട്.

മലയാളത്തിൽ ഇറങ്ങുന്ന ഒട്ടുമിക്ക ആനുകാലികങ്ങളും ഇവിടെ ബൈൻഡ് ചെയ്ത് സൂക്ഷിച്ചുവരുന്നു. കൂടാതെ വിശേഷാൽപതിപ്പുകൾ, സ്മരണികകൾ, കേരളാഗസറ്റുകൾ എന്നിവയുടെ ശേഖരവും ഉണ്ട്. ഇപ്പോൾ മാസികാശേഖരണത്തിൽ 12169 ബൗണ്ട് വാല്യം മാസികകളുണ്ട്. ഇവ കൂടാതെ കാറളം ബാലകൃഷ്ണൻ, സക്കറിയ, ജി.കുമാരപിള്ള എന്നിവരുടെ മാസികാശേഖരങ്ങളിലായി 1600-ൽ അധികം ബൗണ്ട് വാല്യം മാസികകൾ വേറെയുമുണ്ട്.

ആനുകാലികങ്ങൾ സ്കാൻ ചെയ്ത് പ്രിന്റ് എടുത്തുവെക്കുകയും വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്യുന്നു. ഈ വർഷം 610 പേർ ലൈബ്രറി റഫറൻസിനായി ഉപയോഗിച്ചിട്ടുണ്ട്. അക്കാദമി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ വില്പനയും നടന്നുവരുന്നു. അപ്പൻതമ്പുരാന്റെ ചരമദിനമായ നവംബർ 19-ന് സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും നടത്തുകയുണ്ടായി.

# കേരള സാഹിത്യ അക്കാദമി ലൈബ്രറി

മലയാളഗ്രന്ഥങ്ങളുടെ ഏറ്റവും പ്രധാന ലൈബ്രറികളിൽ ഒന്നാണ് കേരള സാഹിത്യ അക്കാദമി ലൈബ്രറി. മറ്റെങ്ങും ലഭ്യമല്ലാത്ത അമൂല്യമായ ഗ്രന്ഥശേഖരം ഈ ലൈബ്രറിയിൽ ലഭ്യമാണ്. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളും ഗവേഷണകേന്ദ്രമായി അംഗീകരിച്ചിട്ടുള്ള അക്കാദമി ലൈബ്രറി മലയാളത്തിൽ ഗവേഷണം നടത്തുന്നവരുടെ ഏക ആശ്രയമാണ്. കേരളത്തിനകത്തും പുറത്തുനിന്നുമായി നിരവധി ഗവേഷകർ, പ്രൊഫസർമാർ, അധ്യാപകർ, പത്രം, ദൂരദർശൻ, റേഡിയോ, സ്വകാര്യചാനലുകൾ തുടങ്ങിയവയിലെ പ്രവർത്തകർ, സാംസ്കാരികനായകന്മാർ, സാംസ്കാരികരംഗത്തെ പ്രമുഖവ്യക്തികൾ തുടങ്ങി സാധാരണ ഗ്രാമീണർവരെ റഫറൻസിനായി അക്കാദമി ലൈബ്രറിയിൽ ദിവസേന വന്നുകൊണ്ടിരിക്കുന്നു. പുസ്തകങ്ങളും പുസ്തകേതരഗ്രന്ഥങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അക്കാദമി ലൈബ്രറിയിൽ ഗവേഷണത്തിനും റഫറൻസിനും എത്തുന്നവരുടെ വർദ്ധനവ് വളരെ ശ്രദ്ധേയമാണ്. ശ്രേഷ്ഠഭാഷാപദവിയിൽ മലയാള പഠനവും ഗവേഷണവും കൂടുതൽ പ്രാധാന്യം നേടിയതോടെ അക്കാദമി ലൈബ്രറിയുടെ പ്രാധാന്യം വർദ്ധിച്ചിട്ടുണ്ട്. ഇന്റർനെറ്റ്, ഇ-മെയിൽ, ടെലഫോൺ എന്നിവ മുഖേനയുള്ള നിരവധി അന്വേഷണങ്ങൾക്ക് ദിനംപ്രതി മറുപടി കൊടുത്തുകൊണ്ടിരിക്കുന്നതും എടുത്തുപറയേണ്ടതാണ്.

### ഗവേഷണകേന്ദ്രം

അക്കാദമി കേന്ദ്രമാക്കി ആറ് പേർ ഇവിടെ ഗവേഷണം നടത്തുന്നുണ്ട്. 2022-2023 വർഷത്തിൽ മറ്റ് ലൈബ്രറികൾ കേന്ദ്രമാക്കി ഗവേഷണം നടത്തുന്നവരും ബിരുദാനന്തരവിദ്യാർത്ഥികളും ഉൾപ്പെടെ 573 പേർ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗവേഷകരുടെ പ്രതിമാസ റിപ്പോർട്ട്, സ്കോളർഷിപ്പ് ബിൽ എന്നിവ യൂണിവേഴ്സിറ്റികളിലേക്ക് അയച്ച് യു.ജി.സി.യിൽനിന്നും യൂണിവേഴ്സിറ്റികളിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിൽനിന്നും സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നു. ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശവും സഹായവും നൽകുന്നു. അക്കാദമിയിൽ എം.പി.പോൾ പഠനഗവേഷണകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

## മലയാളപുസ്തകങ്ങളുടെ ഡെപ്പോസിറ്ററി ലൈബ്രറി

ഇന്ത്യയുടെ ദേശീയ ഗ്രന്ഥശാലയായ കൽക്കട്ട നാഷണൽ ലൈബ്രറിക്കു തുല്യമായി കേരളത്തിലുള്ള മലയാളപുസ്തകങ്ങളുടെ ഡെപ്പോസിറ്ററി ലൈബ്രറിയാണ് കേരള സാഹിത്യ അക്കാദമി ലൈബ്രറി. മലയാളത്തിൽ പ്രസിദ്ധീകരിച്ച ഒട്ടുമിക്ക പുസ്തകങ്ങളുടെയും നിക്ഷേപകേന്ദ്രമാണ് ഈ ലൈബ്രറി.

അക്കാദമി ലൈബ്രറിയിൽ 2021-22 വർഷത്തിൽ 3672 പുസ്തകങ്ങൾ വാങ്ങിയതും സൗജന്യമായും ലഭിച്ചിട്ടുണ്ട്. മലയാളപുസ്തകങ്ങൾ 62 വിഷയങ്ങളായിട്ടാണ് വർഗ്ഗീകരണം നടത്തിയിരിക്കുന്നത്. അക്കാദമി ലൈബ്രറിക്കായിട്ടുള്ള വർഗ്ഗീകരണമാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ലൈബ്രറിയിലെ പ്രത്യേക ശേഖരങ്ങളായ രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശേഖരം, കൃഷ്ണകല്യാണി ശേഖരം, കെ.സുകുമാരൻ മെമ്മോറിയൽ ശേഖരം, വിലാസിനി ശേഖരം, മലയാളഭാഷാപരിഷ്ക്കരണ കമ്മിറ്റി ശേഖരം, പ്രൊഫ.വി.അരവിന്ദാക്ഷൻ ശേഖരം തുടങ്ങിയവയിലെ പുസ്തകങ്ങളും ധാരാളം പേർ റഫറൻസിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. മലയാളപുസ്തകങ്ങൾക്കുപുറമെ ഇംഗ്ലീഷ് പുസ്തകങ്ങളും ഉണ്ട്. ഇവ ഡ്യൂയി ഡെസിമൽ ക്ലാസിഫിക്കേഷൻ സ്കീം അനുസരിച്ച് വർഗ്ഗീകരണം നടത്തി പ്രത്യേകമായി മാറ്റിവെച്ചിരിക്കുന്നു. അക്കാദമിയിൽ റഫറൻസിനായി എത്തുന്നവർക്കുവേണ്ടി 16 ദിനപത്രങ്ങളും 150-ഓളം ആനുകാലികങ്ങളും അക്കാദമിയിൽ ലഭ്യമായിട്ടുണ്ട്.

## ഡിജിറ്റൽ ലൈബ്രറി

സാംസ്കാരികകേരളത്തിനും കേരള സാഹിത്യ അക്കാദമിക്കും മലയാളത്തിനാകെയും അഭിമാനാർഹമായ രീതിയിൽ മലയാളത്തിലെ അപൂർവ്വ ഡോക്യുമെന്റുകൾ ഡിജിറ്റൈസ് ചെയ്ത് ലോക്കൽ നെറ്റ്വർക്ക്, ഇന്റർനെറ്റ്, ഇ-ബുക്ക് എന്നിവ മുഖേന അസംഖ്യം വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ആധുനികസാങ്കേതികവിദ്യകൾ ഇത്തരത്തിൽ പൂർണമായി ഉപയോഗപ്പെടുത്തുന്നു. പ്രാചീനവും ചരിത്രപ്രാധാന്യമുള്ളതും അപൂർവ്വവും മൂല്യവത്തുമായ പുസ്തകങ്ങൾ ഡിജിറ്റൽ ചെയ്ത് വരുംതലമുറയ്ക്ക് സുരക്ഷിതമായി കൈമാറുന്നതിനും പുതിയ പുസ്തകംപോലെ ഉപയോഗിക്കുന്നതിനും ആവശ്യമായ ആധുനികസജ്ജീകരണങ്ങൾ എല്ലാം ഒരുക്കിക്കൊണ്ട് ഡിജിറ്റൽ കൺസർവേഷൻ ലാബ് അക്കാദമിയുടെ സുവർണ്ണ ജൂബിലി മന്ദിരത്തിൽ സെറ്റ് ചെയ്തു. കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കാൻ കഴിയാത്ത ഗ്രന്ഥങ്ങളുടെ ഏടുകൾ യാതൊരു കേടും കൂടാതെ ആർക്കൈവൽ സ്കാനർ ഉപയോഗിച്ച് സവിശേഷമായ രീതിയിൽ സ്കാൻ ചെയ്തുവരുന്നു. സ്കാനിംഗ് ജോലികൾ കഴിഞ്ഞ് ഡിസൈൻ വർക്കുകൾ പൂർത്തീകരിച്ചപുസ്തകങ്ങൾ പി.ഡി.എഫ്.ഫോർമാറ്റിലാക്കി സെർവറിൽ സൂക്ഷിക്കുന്നു. ഇതുവരെ 13,738-ഓളം പുസ്തകങ്ങൾ സ്കാനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. കോപ്പിറൈറ്റ് പരിധി കഴിഞ്ഞ 2633 പുസ്തകങ്ങൾ വായിക്കാനും ഡൗൺലോഡ് ചെയ്യാനും കഴിയുന്ന രീതിയിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കോപ്പിറൈറ്റ് പരിധി കഴിയാത്ത പുസ്തകങ്ങൾഓഫ്ലൈനായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പ്രത്യേകശേഖരങ്ങൾ എന്ന നിലയിലാണ് കെ.ഭാസ്കരൻനായർ ശേഖരം, കുമാരനാശാൻ ശേഖരം, ചങ്ങമ്പുഴ ശേഖരം, വള്ളത്തോൾ ശേഖരം, ഉള്ളൂർ എസ്.പരമേശ്വരയ്യർ ശേഖരം, കൊട്ടാരത്തിൽ ശങ്കുണ്ണി ശേഖരം, കുഞ്ചൻനമ്പ്യാർ ശേഖരം, സി.വി.രാമൻപിള്ള ശേഖരം എന്നിവ വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കുന്നത്. കൂടാതെ മലയാളഗ്രന്ഥസൂചിയുടെ 9 വാല്യങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. ലോകത്തിന്റെ ഏത് കോണിലിരുന്നും അക്കാദമിയുടെ വെബ്സൈറ്റ് ഉപയോഗിച്ച് പുസ്തകങ്ങൾ വായിക്കാനും ഡൗൺലോഡ് ചെയ്യാനും സാധിക്കും.

ലൈബ്രറിരംഗത്ത് ഒട്ടേറെ സാധ്യതകളുമായി അക്കാദമി വികസിപ്പിച്ചെടുത്ത കൈരളി സോഫ്റ്റ്വെയറിൽ അച്ചടിയുടെ ആരംഭംമുതൽ 2000-മാണ്ടുവരെ മലയാളത്തിൽ പ്രസിദ്ധീകരിച്ച മുഴുവൻ പുസ്തകങ്ങളുടെയും ഗ്രന്ഥസൂചി ലഭ്യമാണ്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ മലയാള അക്ഷരങ്ങൾ സോർട്ട് ചെയ്യാൻ കഴിയാവുന്ന രീതിയിൽ സർച്ച് എഞ്ചിനോടുകൂടിയ ഗ്രന്ഥസൂചി മലയാളികൾക്ക് വലിയൊരനുഗ്രഹമാണ്.

## മലയാളഗ്രന്ഥസൂചി

മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മുഴുവൻ പുസ്തകങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മലയാളഗ്രന്ഥസൂചി അക്കാദമിയുടെ ഒരു മഹാസംരംഭമാണ്. അച്ചടിയുടെ ആരംഭം മുതൽ മലയാളഭാഷയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ ഗ്രന്ഥസൂചിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒമ്പത് വാല്യങ്ങളുടെ ഗ്രന്ഥസൂചി അക്കാദമി ഇതിനോടൊപ്പം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഒമ്പതാംവാല്യത്തിനുശേഷം 2006 മുതലുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ കോഹ സോഫ്റ്റ്വെയറിലൂടെ ജോലികൾ പൂർത്തീകരിച്ച് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ലൈബ്രറി ആർക്കൈവ്സ്

അക്കാദമിയുടെ ആർക്കൈവ്സിൽ 1950-നു മുമ്പ് പ്രസിദ്ധീകരിച്ച മലയാളപുസ്തകങ്ങൾ, മൈക്രോഫിലിമിലാക്കി സൂക്ഷിച്ചിരിക്കുന്ന മൈക്രോഫിലിം ലൈബ്രറി, സാംസ്കാരികനായകരുടെ ശബ്ദം റെക്കോഡ് ചെയ്ത 742 ഓഡിയോ കാസറ്റുകളിലായി സൂക്ഷിച്ചിട്ടുള്ള ഓഡിയോ കാസറ്റ് ലൈബ്രറി എന്നിവയുണ്ട്. ഓഡിയോ കാസറ്റുകൾ മുഴുവനായി ഡിജിറ്റൽ ഫോമിലാക്കി സി.ഡി.കളിൽ സൂക്ഷിച്ചിരിക്കുന്നു. 1135 വീഡിയോ സി.ഡി.കളും 329 ഫോട്ടോ സി.ഡി.കളും ഡി.വി.ഡി.കളും ലൈബ്രറിയിൽ സൂക്ഷിച്ചുവരുന്നു. താളിയോല ഗ്രന്ഥങ്ങളുടെ ഒരപൂർവ്വശേഖരം അക്കാദമി ആർക്കൈവ്സിൽ പ്രത്യേകം സംരക്ഷിക്കുന്നതിനൊപ്പം ഇതിന്റെ വിവരണാത്മക ഗ്രന്ഥസൂചിയും തയ്യാറാക്കിയിട്ടുണ്ട്. ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഈ അപൂർവ്വരേഖകൾ ഡിജിറ്റൽ ലൈബ്രറിയിലാക്കി സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ പ്രോജക്ട് വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

## അപ്രന്റീസ് ട്രെയിനിംഗ്

കേരള സാഹിത്യഅക്കാദമി ലൈബ്രറിയിൽ ലൈബ്രറിസയൻസ് ബിരുദധാരികൾക്കുള്ള അപ്രന്റീസ് ട്രെയിനിംഗ് നൽകുന്നുണ്ട്. ഇവിടെ ഇപ്പോൾ നാലുപേർ ട്രെയിനികളായി ജോലി ചെയ്തുവരുന്നു.

ലൈബ്രറിയിൽ ഗവേഷണം നടത്തുന്നവരുടെ എണ്ണവും മറ്റു ലൈബ്രറി ഉപയോക്താക്കളുടെ എണ്ണവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലൈബ്രറിയിൽ പുസ്തകങ്ങളും പുസ്തകേതര ഡോക്യുമെന്റുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഡിജിറ്റൽ ലൈബ്രറിക്കായി എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഡിജിറ്റൽ ലാബ് സുവർണ്ണജൂബിലിമന്ദിരത്തിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ലൈബ്രറിയുടെ ഗവേഷണവിഭാഗം പൂർണ്ണമായും സുവർണ്ണജൂബിലി മന്ദിരത്തിലാണ് പ്രവർത്തിക്കുന്നത്.

# ആനുകാലികപ്രസിദ്ധീകരണങ്ങൾ

സാഹിത്യചക്രവാളം മാസിക, സാഹിത്യലോകം ദ്വൈമാസിക, മലയാളം ലിറ്ററി സർവ്വേ (ഇംഗ്ലീഷ് ത്രൈമാസിക) എന്നിവയാണ് സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങൾ.

## സാഹിത്യചക്രവാളം

സമകാലിക മലയാള, ഇന്ത്യൻ, ലോകസാഹിത്യങ്ങളുടെ ഒരു നേർക്കാഴ്ച വായനക്കാർക്ക് സമ്മാനിക്കുന്ന സാംസ്കാരിക-വാർത്താപ്രസിദ്ധീകരണമാണ് സാഹിത്യചക്രവാളം. പുതിയ സാഹിത്യവിശേഷങ്ങൾക്കൊപ്പം ഗൗരവമായ വായനയ്ക്കുതകുന്ന നിരവധി ലേഖനങ്ങളും നിലവിൽ സാഹിത്യചക്രവാളം പ്രസിദ്ധീകരിക്കുന്നുണ്ട്. പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന പംക്തികളും പുസ്തകനിരൂപണങ്ങളും സാഹിത്യകാരസ്മരണകളും മലയാളത്തിലെ പ്രമുഖസാഹിത്യകാരുടെ ഓർമ്മദിനങ്ങളുൾപ്പെടുന്ന ഓർമ്മസൂചിയും സാഹിത്യചക്രവാളം മാസികയെ വ്യത്യസ്തമാക്കുന്നു.

## സാഹിത്യലോകം

1970-ൽ പ്രസിദ്ധീകരണമാരംഭിച്ച സാഹിത്യലോകം മലയാളത്തിലെ എണ്ണംപറഞ്ഞ ഗവേഷണജേണലുകളിലൊന്നാണ്. 2019-ൽ യു.ജി.സി. കെയർ ലിസ്റ്റിൽ സ്ഥാനംനേടിയ സാഹിത്യലോകം, ഉന്നതനിലവാരമുള്ള മലയാളഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാഹിത്യതല്പരർക്കും ഏറെ പ്രയോജനപ്പെടുന്ന സാഹിത്യലോകം 2021-22 വർഷം ആറ് പതിപ്പുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. സ്വാതന്ത്ര്യം സംസ്കാരം സാഹിത്യം, ചണ്ഡാലഭിക്ഷുകിയുടെയും ദുരവസ്ഥയുടെയും ശതാബ്ദി, മലയാളം അച്ചടിയുടെ വളർച്ചയും വികാസവും എന്നീ ലക്കങ്ങൾ ശ്രദ്ധേയമായി.

## മലയാളം ലിറ്ററി സർവ്വേ

മലയാളഭാഷയേയും സാഹിത്യത്തേയും കുറിച്ച് മറ്റു ഭാഷകളിലുള്ളവർക്ക് ആധികാരികവും സമഗ്രവുമായ അറിവു പകരുന്നതിനായി 1976-ൽ ആരംഭിച്ച ത്രൈമാസികയാണ് മലയാളം ലിറ്ററി സർവ്വേ. Representation of Desire and Pleasure in Literature, Ecological Narratives in Malayalam Short Stories, Life Writing from the Margins എന്നീ പ്രത്യേകപതിപ്പുകളും, ഒരു പൊതുപതിപ്പുമാണ് ഈ സാമ്പത്തികവർഷം പുറത്തിറങ്ങിയത്.

## സോഷ്യൽമീഡിയ/വെബ്സൈറ്റ് പ്രവർത്തനങ്ങൾ

സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ കൂടുതൽ പേരിലേക്ക് സോഷ്യൽമീഡിയ വഴി എത്തിക്കാനായി. പരമാവധി പ്രോഗ്രാമുകളും പ്രഭാഷണങ്ങളും അക്കാദമിയുടെ യൂട്യൂബ് പേജി ലേക്ക് അപ്‌ലോഡ് ചെയ്തു.

## ഭരണപരമായ കാര്യങ്ങൾ

2022–23 സാമ്പത്തികവർഷത്തിൽ സച്ചിദാനന്ദൻ അധ്യക്ഷനായ നിർവാഹകസമിതിയുടെ പന്ത്രണ്ട് യോഗങ്ങളും ജനറൽ കൗൺസിലിന്റെ നാല് യോഗങ്ങളും (രണ്ട് പുന:സംഘടനായോഗവും രണ്ട് സാധാരണയോഗവും) ചേർന്നു. കേരള സാഹിത്യ അക്കാദമി അപ്പൻതമ്പുരാൻ സ്മാരക ത്തിലെ പാർട്ട്–ടൈം സ്വീപ്പർ ശ്രീമതി എൻ.എ. ഗ്രേസി 30.11.2022–ൽ വിരമിച്ചു.

# കേരള സാഹിത്യ അക്കാദമി

## വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് 2022-23

| വരവ് | | തുക |
|---|---|---|
| 1. | മുന്നിരിപ്പ് | 4,46,71,869.36 |
| 2. | മലയാളം ലിറ്ററി സർവ്വേ | 43,000.00 |
| 3. | സാഹിത്യലോകം | 66,060.00 |
| 4. | സാഹിത്യചക്രവാളം | 54,560.00 |
| 5. | കേരള സാഹിത്യ അക്കാദമി പബ്ലിക്കേഷൻസ് | 39,39,809.00 |
| 6. | മലയാളഭാഷാ പരിഷ്ക്കരണകമ്മിറ്റി | 235.00 |
| 7. | കൈരളീഗ്രാമം വാടക | 1,12,800.00 |
| 8. | തപാൽക്കൂലി | 25,056.00 |
| 9. | സാംസ്കാരികകൈപ്പുസ്തകം | 200.00 |
| 10. | ഇൻകം ടാക്സ്-ടിഡിഎസ് | 2,57,390.00 |
| 11. | ഫോട്ടോകോപ്പി | 1,74,916.00 |
| 12. | അഡ്വാൻസ് റീഫണ്ട് | 8,45,875.00 |
| 13. | ലൈബ്രറി ഫീസ് | 79,775.00 |
| 14. | ഓഡിറ്റോറിയം വാടക | 11,32,380.00 |
| 15. | വൈലോപ്പിള്ളി ഹാൾ വാടക | 3,74,660.00 |
| 16. | ചങ്ങമ്പുഴ മന്ദിരം വാടക | 4,51,980.00 |
| 17. | ബഷീർവേദി വാടക | 36,480.00 |
| 18. | നാലപ്പാട്ട് ഓഡിറ്റോറിയം (കമലാസുറയ്യ സ്മാരകം) വാടക | 9,500.00 |
| 19. | ദേശീയ പുസ്തകോത്സവം സ്റ്റാൾ വാടക | 6,90,000.00 |
| 20. | ദേശീയ പുസ്തകോത്സവം മത്സര രജിസ്ട്രേഷൻ ഫീസ് | 12,300.00 |
| 21. | ഓഡിറ്റ് റിക്കവറി | 48,536.00 |
| 22. | പഴയ ടയർ, കസേര ലേലം | 1,000.00 |
| 23. | ഫലവൃക്ഷലേലം-അപ്പൻ തമ്പുരാൻ സ്മാരകം | 14,500.00 |
| 24. | ബെനഫിഷറി അക്കൗണ്ട് | 4,83,000.00 |
| 25. | മരച്ചില്ല വില്പനലേലം | 800.00 |
| 26. | ബൈ ബാക്ക് പേമെന്റ് ഓഫ് 20 ബാറ്ററീസ് | 12,000.00 |
| 27. | സ്ക്രാപ്പ് സെയിൽ - അപ്പൻ തമ്പുരാൻ സ്മാരകം | 27,387.00 |
| 28. | സ്ക്രാപ്പ് സെയിൽ - സുകുമാർ അഴീക്കോട് സ്മാരകം | 32,703.00 |

| | | | |
|---|---|---|---|
| 29. | സ്ക്രാപ്പ് സെയിൽ - അക്കാദമി | | 1,11,504.00 |
| 30. | വിറക് ലേലം | | 1,000.00 |
| 31. | ലൈബ്രറി ബുക്സ് റീഫണ്ട് | | 4,998.00 |
| 32. | ഫോട്ടോകോപ്പി ചാർജ്-അപ്പൻതമ്പുരാൻ സ്മാരകം | | 3,327.00 |
| 33. | സമം പരിപാടി - ചലച്ചിത്ര അക്കാദമിയിൽനിന്നും ലഭിച്ച തുക | | 1,00,000.00 |
| 34. | വിവരാവകാശനിയമം - ഫോട്ടോകോപ്പി ചാർജ് | | 123.00 |
| 35. | പ്രളയാക്ഷരങ്ങൾ പുസ്തകവില്പന | | 51,104.00 |
| 36. | നവകേരളചിന്തകൾ പുസ്തകവിലപ്ന | | 1,708.00 |
| 37. | ജി.എൻ.പിള്ള അവാർഡ് | | 6,000.00 |
| 38. | സി.ബി.കുമാർ അവാർഡ് | | 6,000.00 |
| 39. | കെ.ആർ.നമ്പൂതിരി അവാർഡ് | | 4,000.00 |
| 40. | പ്രൊഫ.എം.അച്യുതൻ എന്റോവ്മെന്റ് അവാർഡ് | | 1,00,000.00 |
| 41. | മറ്റു പ്രസാധകരുടെ പുസ്തകവില്പന വിറ്റുവരവ് | | 3,07,329.00 |
| 42. | പലിശ | | |
| | ടി.എസ്.ബി. 220 | 17,72,146.00 | |
| | ടി.എസ്.ബി. 150 | 1,23,680.00 | |
| | എസ്.ബി.ഐ. | 1,07,650.00 | 20,03,476.00 |
| 43. | പലിശ-വിദ്യാഭ്യാസനിധി എസ്.ബി. അക്കൗണ്ടിൽനിന്നും ലഭിച്ചത് | | 2,734.00 |
| 44. | 31.03.2022-ന് സർക്കാരിലേക്ക് കൊണ്ടുപോയത് തിരികെ ലഭിച്ചത് | | 55,63,189.00 |
| 45. | വിദ്യാഭ്യാസനിധി മുൻവർഷത്തെ വ്യത്യാസം | | 33,224.00 |
| 46. | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് - വരവ് | | 28,98,790.00 |
| 47. | സർക്കാരിൽനിന്ന് ലഭിച്ച ഗ്രാന്റ്:- | | |
| | പദ്ധതിയേതരപ്രവർത്തനം | | 95,68,500.00 |
| | പദ്ധതിപ്രവർത്തനം | | 1,85,60,000.00 |
| | അപ്പൻതമ്പുരാൻ സ്മാരക ഗ്രാന്റ് | | 1,00,000.00 |
| | എഴുത്തച്ഛൻ പുരസ്കാരം | | 5,00,000.00 |
| | | ആകെ | **9,35,25,777.36** |

## ചെലവ്

### പദ്ധതിയേതര ചെലവ്

**(എ)എസ്റ്റാബ്ലിഷ്മെന്റ്:-**

| | | | |
|---|---|---|---|
| 1. | ശമ്പളവും അലവൻസും | | 1,41,68,062.00 |
| 2. | മെമ്പർമാരുടെ യാത്രാബത്ത | | 5,18,420.00 |
| 3. | സ്റ്റാഫിന്റെ യാത്രാബത്ത | | 86,776.00 |
| 4. | കണ്ണട റീ ഇമ്പേഴ്സ്മെന്റ് | | 4,500.00 |
| | | | **1,47,77,758.00** |

**(ബി)കണ്ടിജൻസി (അത്യാവശ്യചെലവുകൾ):-**

| | | | |
|---|---|---|---|
| 1. | ഓഫീസ് ചെലവുകൾ | | 2,63,345.00 |
| 2. | പോസ്റ്റേജ് | | 2,59,988.00 |
| 3. | യോഗചെലവുകൾ | | 2,98,083.00 |
| 4. | ടെലഫോൺ | | 1,75,572.00 |
| 5. | വാൻ മെയിന്റനൻസ്-അക്കാദമി | | |
| | ഡീസൽ | 1,29,163.00 | |
| | റിപ്പയർ | 17,168.00 | |
| | ഇൻഷൂറൻസ് | 35,652.00 | 1,81,983.00 |
| 6. | കാർ മെയിന്റനൻസ് (പ്രസിഡന്റ്) | | |
| | ഡീസൽ | 1,35,060.00 | |
| | റിപ്പയർ | 1,56,712.00 | |
| | ഇൻഷുറൻസ് & ടാക്സ് | 12,962.00 | 3,04,734.00 |
| 7. | കാർ മെയിന്റനൻസ് (സെക്രട്ടറി) | | |
| | ഡീസൽ | 2,09,500.00 | |
| | റിപ്പയർ/അഡീഷണൽ വർക്സ് | 1,15,157.00 | |
| | ഇൻഷുറൻസ് & ടാക്സ് | 31,648.00 | 3,56,305.00 |
| 8. | ജനറേറ്റർ മെയിന്റനൻസ് | | |
| | ഡീസൽ | | 36,300.00 |
| 9. | സ്റ്റേഷനറി & പ്രിന്റിംഗ് | | 85,739.00 |
| 10. | ഇലക്ട്രിസിറ്റി & വെള്ളം | | 4,96,532.00 |
| 11. | പ്രസിഡണ്ടിനുള്ള ഓണറേറിയം | | 2,93,548.00 |
| 12. | വൈസ് പ്രസിഡണ്ടിനുള്ള ഓണറേറിയം | | 1,02,419.00 |
| 13. | ദിവസ/കരാർ ജീവനക്കാരുടെ വേതനം | | 25,52,873.00 |
| 14. | ഭൂനികുതി | | 11,348.00 |
| 15. | കെട്ടിടവാടക | | 12.00 |
| 16. | സ്റ്റാഫ് ക്വാർട്ടേഴ്സ് വാട്ടർ ചാർജ് | | 12,596.00 |
| 17. | പ്രൊഫഷണൽ ടാക്സ് (അക്കാദമി) | | 92,900.00 |
| 18. | പ്രൊഫഷണൽ ടാക്സ് (അപ്പൻതമ്പുരാൻ സ്മാരകം) | | 9,600.00 |
| 19. | ഓഡിറ്റ് ചാർജ് (2019-20, 2020-21) | | 1,77,360.00 |
| | | | **57,11,237.00** |
| | **ആകെ പദ്ധതിയേതരച്ചെലവ് (എ + ബി)** | | **2,04,88,995.00** |

| | | | |
|---|---|---|---|
| 1. | പദ്ധതിയേതരചെലവ് | | 2,04,88,995.00 |
| 2. | പദ്ധതിപ്രവർത്തനചെലവുകൾ | | 2,17,85,040.00 |
| 3. | പുസ്തകപ്രദർശനങ്ങൾ | | 3,21,662.00 |
| 4. | ഹാൾ വാടക മടക്കി കൊടുത്തത് | | 11,300.00 |
| 5. | സെക്യൂരിറ്റി ശമ്പളം | | 3,22,000.00 |
| 6. | ഇൻകം ടാക്സ് നൽകിയത് | | 3,57,417.00 |
| 7. | മറ്റു പുസ്തകപ്രസാധകരുടെ വില്പന വിറ്റുവരവ് നൽകിയത് | | 1,125.00 |
| 8. | എഴുത്തച്ഛൻ പുരസ്കാരം | | 10,00,000.00 |
| 9. | അപ്പൻതമ്പുരാൻ സ്മാരകം ചെലവിലേക്ക് മാറ്റിയത് | | 10,63,727.00 |
| 10. | ഐ.സി.ചാക്കോ അവാർഡ് | 5,000.00 | |
| 11. | ജി.എൻ.പിള്ള അവാർഡ് | 6,000.00 | |
| 12. | ഗീതാഹിരണ്യൻ എന്റോവ്മെന്റ് അവാർഡ് | 5,000.00 | |
| 13. | കെ.ആർ.നമ്പൂതിരി അവാർഡ് | 2,000.00 | |
| 14. | കനകശ്രീ അവാർഡ് | 2,000.00 | |
| 15. | സി.ബി.കുമാർ അവാർഡ് | 3,000.00 | 23,000.00 |
| 16. | തുഞ്ചൻ പ്രബന്ധമത്സരസമ്മാനം | | 5,000.00 |
| 17. | സുകുമാർ അഴീക്കോട് സ്മാരകം നവീകരണപ്രവർത്തനങ്ങൾ | | 30,00,000.00 |
| 18. | പ്രോവിഡന്റ് ഫണ്ട് | | |
| | പി.എഫ്. ലോൺ | 2,10,000.00 | |
| | പി.എഫ്. പിൻവലിച്ചത് (റിട്ട.സ്റ്റാഫ്) | 2,29,295.00 | 4,39,295.00 |
| 19. | ബാങ്ക് ചാർജുകൾ | | 10,800.00 |
| | | | **4,88,29,361.00** |

| | |
|---|---|
| **ആകെ വരവ്** | **9,35,25,777.36** |
| **ആകെ ചെലവ്** | **4,88,29,361.00** |
| **നീക്കിയിരിപ്പ്** | **4,46,96,416.36** |

# കേരള സാഹിത്യ അക്കാദമി
## അപ്പൻതമ്പുരാൻ സ്മാരകം
### വരവ്–ചെലവ് സ്റ്റേറ്റ്മെന്റ് 2022–23

| | | |
|---|---|---|
| നീക്കിയിരിപ്പ് | | 2,47,490.47 |
| **വരവ്** | | |
| ഫോട്ടോകോപ്പി | 8,116.00 | |
| ഗ്രാന്റ് ലഭിച്ചത് | 1,00,000.00 | |
| പലിശ | 6,889.00 | |
| അക്കാദമിയിൽനിന്ന് ട്രാൻസ്ഫർ ചെയ്തത് | 9,63,727.00 | 10,78,732.00 |
| | | **13,26,222.47** |
| **ചെലവ്** | | |
| ശമ്പളവും അലവൻസും (ദിവസവേതനം ഉൾപ്പെടെ) | 10,24,949.00 | |
| വൈദ്യുതി & വെള്ളം | 25,735.00 | |
| ടെലഫോൺ | 10,323.00 | |
| ആനുകാലികങ്ങൾ | 2,720.00 | 10,63,727.00 |
| | | **2,62,495.47** |
| **നീക്കിയിരിപ്പ് (ബാങ്ക്)** | | **2,62,495.47** |

**സെക്രട്ടറി**